കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം

# പാലക്കാട്

www.lfa.kerala.gov.in

## കോങ്ങാട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി 17-1641/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി – 10.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോങ്ങാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം -കോങ്ങാട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം2, ഭാഗം 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി 17-1641/2019 തീയതി 10.01.2020

# പാലക്കാട് ജില്ലയിലെ കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-11-2018 മുതൽ 16-11-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീശൻ.എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2019മുതൽ 27.11.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1 | ശ്രീ. കെ.വി. അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.രാമകൃഷ്ണൻ.കെ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ.കന്തസ്വാമി.ഐ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ലത. | 1-4-2018മുതൽ 31-3-2019വരെ |

സെക്രട്ടറി

| പേര് | | കാലയളവ് |
|---|---|---|
| ശ്രീ.ഉണ്ണികൃഷ്ണൻ.പി.എം | അസി.സെക്രട്ടറി (ചാർജ്) | 1-4-2018മുതൽ 14-5-2018 വരെ & 22-6-18–മുതൽ 27-6-18 വരെ |
| ശ്രീ.സത്യൻ.കെ | സെക്രട്ടറി | 15-5-2018മുതൽ 21-6-2018വരെ |
| ശ്രീമതി. അദിതി ദേവി | സെക്രട്ടറി | 28-6-18 മുതൽ 31- 3-19 വരെ |

നിർവഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ആഭമോൾ | 1-4-2018മുതൽ 31-03-2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അജിത് മോഹൻ | 1-4-2018മുതൽ 31-03-2019 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.അജി പുന്നൻ | 1-4-2018മുതൽ 31.3.19വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ.ലീനകുമാരി.എം | 1-4-2018മുതൽ |

| | | |
|---|---|---|
| | | 31-3-2019വരെ |
| വെറ്ററിനറി സർജൻ | ഡോ. ജയേഷ്.യു | 1-4-2018മുതൽ 31.3.19വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ. ജയശങ്കർ.സി.സി | 1-4-2018മുതൽ 31-3-2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സ്മിത | 1-4-2018മുതൽ 26-6--2018 വരെ |
| | ശ്രീമതി.റഷീദ ബീഗം | 26.6.18 മുതൽ 1.8.18 വരെ |
| | ശ്രീ.മുകുന്ദകുമാർ.സി | 2.8.18 മുതൽ 20.8.18 വരെ |
| | ശ്രീ.കൃഷ്ണ.എസ് | 21.8.18 മുതൽ 31-3-19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. മീനാക്ഷികുട്ടി.കെ.എം | 1-4-2018മുതൽ 31-03-19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.എൻ.ബിന്ദു | 1-4-2018മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഉണ്ണികൃഷ്ണൻ | 1-4-2018മുതൽ 31-3-2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 1-11 |
| 12 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 1-12 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ | 1-13 |

| | | |
|---|---|---|
| 14 | വസ്തുനികുതി- പുതിയതായി കെട്ടിട നമ്പരുകൾ അനുവദിക്കുന്നതിലുള്ള അപാകതകൾ | 1-14 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 1-15 |
| 16 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-16 |
| 17 | ഉയർന്ന നിരക്കിൽ കട്ടിൽ വാങ്ങിയതിനാൽ 26780/- രൂപ നഷ്ടമായി | 1-17 |
| 18 | വൃദ്ധർക്ക് കട്ടിൽ-ഒരേ പ്രൊജക്ട് രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കി. | 1-18 |
| 19 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിനൽകൽ -പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല | 1-19 |
| 20 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- വിതരണക്കാരന്റെ ഇ.എം. ഡി കണ്ടുകെട്ടേണ്ടതാണ്. | 1-20 |
| 21 | വായനശാലക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി- റീടെണ്ടർ സാദ്ധ്യത പരിശോധിച്ചില്ല. | 1-21 |
| 22 | അംഗീകാരമില്ലാത്ത തസ്തികയിൽ ദിവസവേതനം നൽകിയത് ക്രമപ്രകാരമല്ല | 1-22 |
| 23 | എ.ബി.സി പദ്ധതി- വിനിയോഗവിവരം ലഭ്യമാക്കണം | 1-23 |
| 24 | ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. | 1-24 |
| 25 | ലൈഫ് പദ്ധതി- അവലോകനം | 1-25 |
| 26 | ശമ്പള പരിഷ്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല. | 1-26 |
| 27 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് | 1-27 |
| 28 | അസാധാരണ ചെലവുകൾ-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-28 |
| 29 | ബാരലിന്റെ വില കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു | 1-29 |
| 30 | മരാമത്തു പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ കുറവായി ഈടാക്കിയത് ക്രമപ്രകാരമല്ല | 1-30 |
| 31 | പട്ടിക ജാതി വികസന ഫണ്ട് ഉപയോഗിച്ചു നടത്തിയ നിർമ്മാണ പ്രവർത്തനം കോളനിക്ക് പുറത്ത് നിർവ്വഹിച്ചു | 1-31 |
| 32 | നവീകരണ പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ ഉരുപ്പടികൾ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയില്ല | 1-32 |
| 33 | ടെന്റർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-33 |
| 34 | ഫയർ സ്റ്റേഷന് അനുബന്ധ സൗകര്യം ഒരുക്കൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-34 |
| 35 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രവൃത്തികളിലെ പൊതു അപാകങ്ങൾ | 1-35 |
| | ഭാഗം 2 | |
| | | |

| | | |
|---|---|---|
| 1 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 1 | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 1 | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 12 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |
| 13 | വിവിധ പത്രികകൾ - സംക്ഷിപ്തം | അനുബന്ധം - 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.3.2018 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

മുന്നിരിപ്പ് - 21192860.00

വരവ് - 85619000.00

ആകെ - 106811860.00

ചെലവ് - 99802343.00

നീക്കിയിരുപ്പ് -7009517.00

വാർഷിക കണക്കിലെ മുന്നിരിപ്പ്, വരവ് എന്നിവയും ബജറ്റിലെ തുകകളും തമ്മിൽ 50% ൽ അധികം വ്യത്യാസം കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 20-5-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10931014.75 |
| വരവ് | 109657777 |
| ആകെ | 120588791.75 |
| ചെലവ് | 89317905 |
| നീക്കിയിരിപ്പ് | 31270886.75 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16378612 | 16378612 | 16378612 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11890000 | 11890000 | 11235488 | 654512 |
| വികസന ഫണ്ട്-സി.എഫ്.സി | 0 | 9549993 | 9549993 | 7602000 | 1947993 |
| മെയിന്റനൻസ്, റോഡ് | 0 | 9819000 | 9819000 | 9819000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4014000 | 4014000 | 3887071 | 126929 |
| NREGS- Admin | 8769 | 490171.00 | 498940 | 487999 | 10941 |
| - EFMS | | 31138758 | 31138758 | 31138758 | 0 |
| TSC | 79237 | 2233709 | 2312946 | 180024 | 2132922 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്(STSB ) | 403230 | 4998062 | 5401292 | 4436284 | 965008 |
| SBi- Own fund | 439000 | 12580398 | 13019398 | 12545507 | 473891 |
| തനത് ഫണ്ട് -ട്രഷറി(GPG) | 1403582 | 29155881 | 30559463 | 15715631 | 14843832 |
| ബി ഫണ്ട് | - | 569250 | 569250 | 569250 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 294 | 129157120 | 191 | 72354547 | | 103 | 65 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 1 | 3992000 | 3509812 | 88 |
| വി.ഇ.ഒ i | 9 | 8 | 39510000 | 17640000 | 45 |
| വി.ഇ.ഒ ii | 1 | 0 | 1284360 | 0 | 0 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8 | 9123103 | 6789837 | 74 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 10 | 6692621 | 1757502 | 26 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 226 | 141 | 56845001 | 31966853 | 56 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 775000 | 624543 | 81 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 1356560 | 1356560 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1160000 | 1160000 | 100 |
| അസി.സെക്രട്ടറി | 6 | 5 | 2416584 | 1805272 | 74 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 2250000 | 2080732 | 92 |
| ഹെഡ് മിസ്ട്രസ് | 6 | 6 | 3751891 | 3663436 | 98 |
| ആകെ | 294 | 191 | 129157120 | 72354547 | 56 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 109440 | 62 |
| കർഷകതൊഴിലാളി പെൻഷൻ | 7381400 | 489 |
| വിധവാപെൻഷൻ | 16743600 | 1345 |
| വാർദ്ധക്യകാലപെൻഷൻ | 29639700 | 2242 |
| വികലാംഗപെൻഷൻ | 4801200 | 375 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർ | 2222900 | 175 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-19 ന് 2.50 p.m ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5253രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ്

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളും സമയബന്ധിതമായി സെക്ഷനുകളിൽ എത്തിക്കുകയും പരിശോധിച്ച് പൊതുജനങ്ങൾക്ക് സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

രേഖകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിൽ അത്യന്തം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും കാലികമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നുണ്ട്.

പൊതുമരാമത്ത്

അംഗീകാരം വാങ്ങിയ 226 പ്രൊജക്ടുകളിൽ 141 മാത്രമാണ് നടപ്പിലാക്കിയത്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രൊക്യൂർമെന്റ് കമ്മിറ്റി

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ കാര്യക്ഷമത പുലർത്താത്തതിനാൽ വാങ്ങലുകളിൽ അധികചെലവുണ്ടായിട്ടുണ്ട്(ഖ- 1-15, 1-20,1-21 കാണുക)

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

സർട്ടിഫിക്കറ്റിൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നു

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2019 | 10/19 | 14.11.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.3.2018 മുതൽ 11.4.2018 വരെ | 2013-14 മുതൽ 2016-17 വരെ | .എൽ.ബി.എ (എച്ച്.ക്യു)III/I/8A-26/2018-19/50 dt.22.5.2018 |

# 1-11 വസ്തുനികുതി നിർണ്ണയിച്ചതിലെ

# അപാകതകൾ

വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയലുകൾ, സഞ്ചയ വസ്തുനികുതിനിർണ്ണയ സോഫ്റ്റ്‌വെയറിലെ ഡാറ്റ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് തെറ്റായ രീതിയിലാണെന്ന് കണ്ടെത്തി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നിർണ്ണയിച്ചിരിക്കുന്ന വസ്തുനികുതി ചതുരശ്ര മീറ്ററിന് 30 രൂപ എന്ന നിരക്കിലും 100 ച.മീറ്ററിന് മുകളിൽ ഉള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ എന്ന നിരക്കിലുമാണ്. ഒരു ഉടമസ്ഥന്റെ കീഴിലുള്ള ഒരു വാണീജ്യകെട്ടിടത്തിലുള്ള എല്ലാ മുറികളെയും ചേർത്ത് ഒരു യൂണിറ്റായി കണക്കാക്കി അവയുടെ ആകെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതിനു പകരം ഒരു കെട്ടിടത്തിലെ വിവിധ മുറികളെ വിവിധ കെട്ടിടങ്ങളായി പരിഗണിക്കുകയും ഓരോ മുറിയുടെയും വിസ്തീർണ്ണം 100ച.മീറ്ററിൽ കുറവായതിനാൽ 30 രൂപ/ച.മീ. എന്ന നിരക്കിൽ നികുതി നിർണ്ണയിക്കുകയും ചെയ്തതായി ഓഡിറ്റിൽ കണ്ടെത്തി. ഒരു ഉടമസ്ഥന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകണമെങ്കിൽ അവ വ്യത്യസ്ത ഉപയോഗക്രമത്തിലായിരിക്കണം. ഇവയുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് ഭാവിയിൽ ഉറപ്പുവരുത്തേണ്ടതാണ്

1. കെട്ടിട ഉടമയുടെ പേര്: പ്രദീപ് , പാർവതി നിവാസ്, കോങ്ങാട്

വിസ്തീർണ്ണം : 366.73 m2

| | നമ്പർ | വിസ്തീർണ്ണം | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (30 രൂപ നിരക്കിൽ ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (50രൂപ നിരക്കിൽ ) | അടിസ്ഥാന വസ്തു നികുതിയിൽ കുറവ് |
|---|---|---|---|---|---|
| 1 | 11/682 | 21.72 | 651.6 | 1086 | 434.4 |
| 2 | 11/683 | 16.8 | 504 | 840 | 336 |
| 3 | 11/684 | 18.31 | 549.3 | 915.5 | 366.2 |
| 4 | 11/685 | 16.54 | 496.2 | 827 | 330.8 |
| 5 | 11/686 | 31.39 | 941.7 | 1569.5 | 627.8 |
| 6 | 11/687 | 16.79 | 503.7 | 839.5 | 335.8 |
| 7 | 11/688 | 27.2 | 816 | 1360 | 544 |
| 8 | 11/689 | 29.9 | 897 | 1495 | 598 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 9 | 11/690 | 23.18 | 695.4 | 1159 | 463.6 |
| 10 | 11/691 | 26.08 | 782.4 | 1304 | 521.6 |
| 11 | 11/692 | 25.26 | 757.8 | 1263 | 505.2 |
| 12 | 11/693 | 22.82 | 684.6 | 1141 | 456.4 |
| 13 | 11/694 | 43.31 | 1299.3 | 2165.5 | 866.2 |
| 14 | 11/695 | 23.17 | 695.1 | 1158.5 | 463.4 |
| 15 | 11/696 | 24.26 | 727.8 | 1213 | 485.2 |
| | ആകെ | 366.73 | 11001.9 | 18336.5 | 7334.6 |
| ആകെ അടിസ്ഥാന വസ്തു നികുതിയിൽ കുറവ് വന്ന തുക | | | | | 7334.6 |

2. കെട്ടിട ഉടമയുടെ പേര് രാജഗോപാലൻ, പാർവതി നിവാസ്, കോങ്ങാട്
വിസ്തീർണ്ണം 160.99m2

| | നമ്പർ | വിസ്തീർണ്ണം | നിർണ്ണയി ച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (30 രൂപ നിരക്കിൽ ) | നിർണ്ണയി ക്കേണ്ട അടിസ്ഥാന വസ്തു നികുതി (50 രൂപ നിരക്കിൽ ) | അടിസ്ഥാന വസ്തു നികുതി യിൽ കുറവ് |
|---|---|---|---|---|---|
| 1 | 11/712 | 74.05 | 2221.5 | 3702.5 | 1481 |
| 2 | 11/713 | 86.94 | 2608.2 | 4347 | 1739 |
| | ആകെ | 160.99 | 4829.7 | 8049.5 | 3220 |
| ആകെ അടിസ്ഥാന വസ്തു നികുതിയിൽ കുറവ് വന്ന തുക | | | | | 3220 |

3. കെട്ടിട ഉടമയുടെ പേര് : മുഹമ്മദ്, പാറക്കൽ,പാറശ്ശേരി
വിസ്തീർണ്ണം : 190m2

| | നമ്പർ | വിസ്തീർണ്ണം | നിർണ്ണയി ച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (30 രൂപ നിരക്കിൽ ) | നിർണ്ണയി ക്കേണ്ട അടിസ്ഥാന വസ്തു നികുതി (50 രൂപ നിരക്കിൽ ) | അടിസ്ഥാന വസ്തു നികുതിയിൽ കുറവ് |
|---|---|---|---|---|---|
| 1 | 18/591 | 40 | 1200 | 2000 | 800 |
| 2 | 18/592 | 19 | 570 | 950 | 380 |
| 3 | 18/593 | 14 | 420 | 700 | 280 |

| | | | | | |
|---|---|---|---|---|---|
| 4 | 18/594 | 12 | 360 | 600 | 240 |
| 5 | 18/595 | 10 | 300 | 500 | 200 |
| 6 | 18/596 | 95 | 2850 | 4750 | 1900 |
| | ആകെ | 190 | 5700 | 9500 | 3800 |
| ആകെ അടിസ്ഥാന വസ്തു നികുതിയിൽ കുറവ് വന്ന തുക | | | | | 3800 |

4. കെട്ടിട ഉടമയുടെ പേര് : ജൈനുലാബ്ദീൻ, കോങ്ങാട്
വിസ്തീർണ്ണം : 175.16m2

| | നമ്പർ | വിസ്തീർണ്ണം | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി (30 രൂപ നിരക്കിൽ ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (50 രൂപ നിരക്കിൽ ) | അടിസ്ഥാന വസ്തു നികുതിയിൽ കുറവ് |
|---|---|---|---|---|---|
| 1 | 10/1022 | 22.57 | 677.10 | 1128.5 | 451.4 |
| 2 | 10/1023 | 46.38 | 1391.4 | 2319 | 927.6 |
| 3 | 10/1024 | 21.45 | 643.5 | 1072.5 | 429 |
| 4 | 10/1025 | 30.9 | 927 | 1545 | 618 |
| 5 | 10/1026 | 30.9 | 927 | 1545 | 618 |
| 6 | 10/1027 | 22.96 | 688.8 | 1148 | 459.2 |
| | ആകെ | 175.16 | 5254.8 | 8758 | 3503.2 |
| ആകെ അടിസ്ഥാന വസ്തു നികുതിയിൽ കുറവ് വന്ന തുക | | | | | 3503.2 |

5. കെട്ടിട ഉടമയുടെ പേര് : ഹരീഷ്.ടി.കെ, തെക്കനങ്ങാടി, കോങ്ങാട്
വിസ്തീർണ്ണം : 118.87m2

| | നമ്പർ | വിസ്തീർണ്ണം | നിർണ്ണയിച്ചിരിക്കുന്ന | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു | അടിസ്ഥാന വസ്തു |
|---|---|---|---|---|---|

| | | | അടിസ്ഥാന വസ്തുനികുതി (30 രൂപ നിരക്കിൽ ) | നികുതി (50 രൂപ നിരക്കിൽ ) | നികുതിയിൽ കുറവ് |
|---|---|---|---|---|---|
| 1 | 12/650 | 17.88 | 536.4 | 894 | 357.6 |
| 2 | 12/651 | 16.94 | 508.2 | 847 | 338.8 |
| 3 | 12/652 | 16.94 | 508.2 | 847 | 338.8 |
| 4 | 12/653 | 16.13 | 483.9 | 806.5 | 322.6 |
| 5 | 12/654 | 32.45 | 973.5 | 1622.5 | 649 |
| 6 | 12/655 | 18.53 | 555.9 | 926.5 | 370.6 |
| | | 118.87 | 3566.1 | 5943.5 | 2377.4 |
| ആകെ അടിസ്ഥാന വസ്തു നികുതിയിൽ കുറവ് വന്ന തുക | | | | | 2377 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/26.11.2019 ന് അപാകതയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഉപയോഗ ക്രമങ്ങൾ വ്യത്യസ്തമാണെന്ന് ഉറപ്പുവരുത്തി മാത്രം വ്യത്യസ്ത നമ്പർ നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ 3 വർഷം കഴിഞ്ഞിട്ടും തിരിച്ചു നൽകിയിട്ടില്ലാത്ത ഡെപ്പോസിറ്റ് തുകകൾ ഉള്ളതായി കാണുന്നു. ഇവയെ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 3 വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഡിപ്പോസിറ്റ് തിയതി | തുക |
|---|---|---|---|
| 1 | Suppliers EMD | 2014-15 | 2500 |
| 2 | Bidder's EMD | 2014-15 | 4500 |
| 3 | Contractor's EMD | 2013-14 | 137200 |
| 4 | Contractor's SD | 2013-14 | 45900 |
| | | | |

| | | | |
|---|---|---|---|
| 5 | Other Deposit | 2015-16 | 197438 |
| | | Total | 387538/- |

ഇത് സംബന്ധിച്ച് നൽകിയ 17/26.11.2009 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക തനത് ഫണ്ടിൽ മുതൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-വിവിധ ലൈസൻസുകൾ ചട്ടങ്ങൾ പാലിക്കുന്നില്ല

കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫാക്ടറികൾക്കും, വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നൽകൽ- ക്രമപ്രകാരമല്ല

2018-19 വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയ അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. കൂടാതെ ലൈസൻസിനുള്ള അപേക്ഷകൾ ലഭിച്ചശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രസ്തുത സ്ഥാപനങ്ങൾ പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് സെക്രട്ടറി പരിശോധിച്ച് ലൈസൻസ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ലൈസൻസിനായുള്ള മിക്ക അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

2. ലൈവ്സ്റ്റോക്ക് ഫാമുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കോങ്ങാട് ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന പൗൾട്രിഫാമുകൾ പ്രവർത്തിക്കുന്നതായി കാണുന്നു.

| | | |
|---|---|---|
| | | |

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ നമ്പർ | ഫാമിന്റെ പേര് |
|---|---|---|
| 1 | 141 | Bismi Poultry farm |
| 2 | 152 | Bindumol . Poultry farm |
| 3 | 322 | Suraj poultry farm |
| 4 | 210 | Thekkeyil poultry farm |
| 5 | 122 | MS Poultry farm |

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ കോങ്ങാട് ഗ്രാമ പഞ്ചായത്തിൽ ടി ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(A) പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ , ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല.

3. പാരാമെഡിക്കൽ സ്ഥാപനങ്ങൾ- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(6) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഫോറം 2 പ്രകാരമുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കോങ്ങാട് ഗ്രാമപഞ്ചായത്തിൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 8 പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ചട്ട പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയർപ്രകാരം കോങ്ങാട് ഗ്രാമപഞ്ചായത്തിൽ വാണിജ്യ ആവശ്യത്തിനുള്ള 1643 കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 378 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള 18 വാർഡുകളിലും

ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ 19/26.11.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

ലൈസൻസിനുള്ള അപേക്ഷകളിൽ എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതും ,അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്.

# 1-14 വസ്തുനികുതി- പുതിയതായി കെട്ടിട നമ്പരുകൾ അനുവദിക്കുന്നതിലുള്ള അപാകതകൾ

കോങ്ങാട് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം കെട്ടിടനമ്പറുകൾ അനുവദിച്ച കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വില്ലേജ്/താലൂക്ക് ഓഫീസിൽ ഒറ്റത്തവണ ബിൽഡിംഗ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കാതെ കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09/07/2015 തിയതിയിലെ സ.ഉ(എം.എസ്) നം. 231/15/ തസ്വഭവ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടങ്ങൾക്കും 50 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്കും പുതുതായി നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തു നികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരം ഉള്ള ഒറ്റത്തവണ കെട്ടിട നികുതി യുടെ ആദ്യ ഗഡു വില്ലേജ് ഓഫീസ്/ താലൂക്ക് ഓഫീസിൽ അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം തറ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ ആഡംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ ധനകാര്യ വർഷത്തെ ആഡംബര നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രം വസ്തു നികുതി അടവാക്കി രസീതി നൽകേണ്ടതാണ്. എന്നാൽ കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷം പണി പൂർത്തീകരിച്ച് നമ്പറിങ് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചപ്പോൾ എല്ലാ കെട്ടിടങ്ങൾക്കും മേൽ

പ്രസ്താവിച്ച ഒറ്റത്തവണ നികുതി ഒടുക്കിയതിന്റെ രസീതി ഹാജരാക്കാതെയാണ് നമ്പറിങ്ങ് അനുവദിച്ചിരിക്കുന്നത് എന്ന് കാണുന്നു. കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള(231/15) നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2. മഴവെള്ളസംഭരണക്രമീകരണങ്ങൾ ഉറപ്പ് വരുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം101, 102 പ്രകാരം പ്രവർത്തനക്ഷമതയുള്ള ഭൂഗർഭജല പോഷണ ക്രമീകരണങ്ങൾ എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും അവിഭാജ്യ ഘടകമായി മേൽക്കൂരകളിലെ മഴവെള്ള സംഭരണ കണക്ഷനുകളിലൂടെ സജ്ജീകരിക്കേണ്ടതും പ്ലോട്ട് വിസ്തീർണ്ണം 320 ചതുരശ്രമീറ്ററിൽ കുറയാത്തതും 150 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങൾക്ക് മഴവെള്ള സംഭരണി നിർമിക്കേണ്ടത് നിർബന്ധവുമാണ്. എന്നാൽ 2018-19 ൽ നമ്പർ അനുവദിച്ച 150 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മഴവെള്ളസംഭരണക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിൽ ഇക്കാര്യം ഉറപ്പുവരുത്തി മാത്രം നമ്പർ നൽകുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 തൊഴിൽ നികുതി - അപാകതകൾ

കോങ്ങാട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ കോങ്ങാട് ഗ്രാമപഞ്ചായത്തിൽ ആക്ടിൽ നിഷ്കർഷിച്ച പ്രകാരമുള്ള, അപാകത പരിഹരിച്ചുകൊണ്ടുള്ള രജിസ്റ്റർ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ക്ഷീരോല്പാദന സഹകരണസംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കോങ്ങാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ക്ഷീരോല്പാദന സഹകരണസംഘങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും മേൽ സംഘങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. പാറശ്ശാല ക്ഷീരോല്പാദക സഹകരണസംഘം

2. കോങ്ങാട് ക്ഷീരോല്പാദക സഹകരണസംഘം

3. ചാത്തംകുളം ക്ഷീരോല്പാദക സഹകരണസംഘം

4. ചെറായ ക്ഷീരോല്പാദക സഹകരണസംഘം

5. കുണ്ടുപാടം ക്ഷീരോല്പാദക സഹകരണസംഘം

3. സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. കോങ്ങാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ അനേകം വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ലൈസൻസ് രജിസ്റ്റർ പ്രകാരം കാണുന്നു. എന്നാൽ ടി സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല . പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിലെ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, തൊഴിൽ നികുതി റിട്ടേൺസ്, രജിസ്റ്റർ എന്നിവയിലെ വിവരങ്ങളുമായി താരതമ്യം ചെയ്തതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം. |
|---|---|---|---|
| 1 | 184 | Daya Clinic | 5 |
| 2 | 296 | Crown Dental Clinic | 2 |
| 3 | 7 | Pathinettam kandam | 9 |
| 4 | 11 | Sree agencies, petrol pump | 8 |
| 5 | 12 | Santhosh Industries, saw mill | 6 |
| 6 | 35 | Grand Bakery | 5 |
| 7 | 124 | Amit auto fuels, petrol pump | 5 |
| 8 | 132 | Ranjitha Industries | 5 |
| 9 | 170 | Chinnansons Jewellery | 2 |
| 10 | 173 | Vega motors | 4 |
| 11 | 176 | Shop in charge, KSBC, kongad | 6 |

| | | | |
|---|---|---|---|
| 12 | 177 | Grand Motors | 4 |
| 13 | 193 | Chathamkulam Saw mill | 6 |
| 14 | 264 | Kannyaka sarees, textile shop | 5 |
| 15 | 214 | Kulirma soda unit | 6 |
| 16 | 201 | Amrutham Nutrics | 6 |

4.റേഷൻ കടകളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ 18/26.11.2019 നം ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല

പദ്ധതി- ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ഹോമിയോ.

അടങ്കൽ - 300000/-

ചെലവ് - 289965/-

ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ ഹോംകോ കേരളയ്ക്ക് 16.08.2018 തിയതിയിൽ ട്രഷറി ബിൽ നം. 2/18-19 പ്രകാരം 285000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും 88770/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 196230/- രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. ബാക്കി മരുന്നുകൾ ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് ഹോംകോ കേരളയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ഹോമിയോ പലപ്രാവശ്യം ഇമെയിലിലൂടെയും കത്ത് മുഖേനയും ആവശ്യപ്പെട്ടിട്ടും ഇതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ 20/26.11.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല, മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ഉയർന്ന നിരക്കിൽ കട്ടിൽ വാങ്ങിയതിനാൽ 26780/- രൂപ നഷ്ടമായി

പ്രൊജക്ട് - വൃദ്ധജനങ്ങൾക്ക് കട്ടിൽ (192/19)

അടങ്കൽ- 445550( plan)
തനത് ഫണ്ട് –2500 (തനത് ഫണ്ട് )

ചെലവ് - ബിൽ -3/31.7.18-333615 (പ്ലാൻ)

നിർവഹണം- ഐ.സി,ഡി.എസ്.സൂപ്പർവൈസർ

2018-19 വർഷത്തെ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത വൃദ്ധജനങ്ങൾക്ക് നൽകുന്നതിനായി 103 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. 2017-18 വർഷം ആരംഭിച്ച പദ്ധതി പ്രകാരം 31-1-2018ന് ടെണ്ടർ നടത്തിയിട്ടുണ്ട്. ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ താഴെ പറയുന്നു.

സ്റ്റീൽ / തടി , നീളം 1.98 മീറ്റർ, വീതി 90 സെ.മീ, മുൻകാൽ നീളം 60 സെ.മീ, പിൻകാൽ നീളം 50 സെ.മീ.8 മി.മീ പ്ലൈവുഡ്.

31-1-2018 ന് നടത്തിയ ടെൻഡറിൽ 4 സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി. ലഭ്യമായ ടെണ്ടറിന്റെ വിവരം താഴെ ചേർക്കുന്നു

| സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|
| രാജധാനി ഏജൻസീസ് | തേക്ക് - മരം | 4239 |
| | ഹാർഡ് വുഡ് | 3989 |
| | സോഫ്റ്റ് വുഡ് | 3539 |
| | സ്റ്റീൽ - 1 " leg | 2979 |
| | സ്റ്റീൽ - 1 1/4" leg | 3239 |
| | സ്റ്റീൽ - 1 1/2" leg | 3441 |
| കെ.പി.എം.സ്റ്റോർ | മരം | 4073 |
| A.H. വുഡ് ഇൻഡസ്ട്രീസ് | മരം | 4300 |
| സിഡ്കോ | സ്റ്റീൽ | 4342 |

2017-18 സാമ്പത്തികവർഷത്തിൽ സെക്രട്ടറിയും വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായി സമാന സ്പെസിഫിക്കേഷനുള്ള കട്ടിലുകൾക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 8.2.18 ലെ പർച്ചേസ് കമ്മിറ്റി രണ്ട് പദ്ധതികളുടെയും (കട്ടിൽ- സെക്രട്ടറി നടപ്പിലാക്കുന്നതും ICDS സൂപ്പർവൈസർ നടപ്പിലാക്കിയതും)ടെണ്ടർ പരിശോധിക്കുകയും ഗുണനിലവാരം പരിശോധിക്കാൻ സബ്കമ്മിറ്റി (അംഗങ്ങൾ- വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ) രൂപീകരിക്കുകയും ചെയ്തു. 13.2.18 ന് ഉപസമിതി സാമ്പിൾ പരിശോധിച്ച് ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പ്രൊജക്ടിന്

3239 രൂപ നിരക്കിൽ കട്ടിൽ രാജധാനി ഏജൻസിയിൽ നിന്നും വാങ്ങുവാൻ ശുപാർശ ചെയ്തു. രാജധാനി ഏജൻസി സമർപ്പിച്ച ടെണ്ടറിലെ ഏറ്റവും കുറഞ്ഞ നിരക്കായ 2979 രൂപയുടെ കട്ടിൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളതായിരുന്നു എങ്കിലും ആയത് പരിഗണിച്ചിട്ടില്ല. കൂടാതെ ഒരേ തിയതിയിൽ അംഗീകരിച്ച രണ്ട് ടെണ്ടറുകൾ മുഖേന ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് രണ്ട് നിരക്കിലുള്ള കട്ടിൽ വാങ്ങിയതും (2940 രൂപ & 3239 രൂപ)ക്രമപ്രകാരമല്ല.

28.2.19 ലെ ഭരണസമിതിയോഗം രാജധാനി ഏജൻസീസിന്റെ 3239 രൂപയുടെ കട്ടിൽ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട് . കുറഞ്ഞ നിരക്കായ 2979 രൂപ ഒഴിവാക്കി ഉയർന്ന നിരക്കിൽ(3239) വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് ആകെ 103 എണ്ണത്തിനായി 26780/- (103*(3239-2979) അധികചെലവുണ്ടായിട്ടുണ്ട്.

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10)വ്യവസ്ഥകൾ പ്രകാരം ടെണ്ടർ നോട്ടീസിൽ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തേണ്ടതും ലഭ്യമായ ടെണ്ടറുകളിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ മാത്രം പരിഗണിക്കേണ്ടതുമാണ്. ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കേണ്ടതും അല്ലാത്തപക്ഷം വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് അവയിൽ ഉയർന്ന ഗുണനിലവാരമുള്ളവ വാങ്ങിയ നടപടി ക്രമപ്രകാരമല്ല.

ഓഡിറ്റ് എൻക്വയറി നമ്പർ - 6/21.11.19 നുള്ള മറുപടിയിൽ 2979 രൂപ നിരക്കിലുള്ള കട്ടിലിന്റെ മുകൾഭാഗം പ്ലൈവുഡ് കൊണ്ട് നിർമ്മിച്ചതായിരുന്നു എന്നും 3239 രൂപയുടെ കട്ടിൽ പൂർണ്ണമായും സ്റ്റീൽ കൊണ്ട് നിർമ്മിച്ചതായിരുന്നു എന്നും അതിനാൽ കൂടുതൽ നല്ലതായിരുന്നു എന്നുമാണ് അറിയിച്ചിട്ടുള്ളത്. ടെണ്ടർ സ്പെസിഫിക്കേഷനിൽ 8 മി.മീ പ്ലൈവുഡ് ആണ് ആവശ്യപ്പെട്ടത്. ആയത് സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷൻ പ്രകാരമാണ്. കൂടാതെ പ്രസ്തുത കാലയളവിൽ തന്നെ സെക്രട്ടറി നടപ്പിലാക്കിയ കട്ടിൽ വിതരണ പ്രൊജക്ടിൽ സംസം എന്ന സ്ഥാപനത്തിൽ നിന്നും 2940 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. പ്ലൈവുഡിന് പകരം സ്റ്റീൽ ആയതിനാലാണ് കൂടുതൽ നിരക്കിൽ വാങ്ങിയത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഉയർന്ന നിരക്കിൽ വാങ്ങിയതിനാൽ നഷ്ടമായ 26780 രൂപ തിരികെ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1.ആവശ്യകത കൃത്യമായി നിർണ്ണയിച്ചശേഷം പദ്ധതി രൂപീകരിക്കേണ്ടതാണ്.

2.ടെണ്ടർ നോട്ടീസിൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനിൽ ടെണ്ടറിനുശേഷം മാറ്റം വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3.ലഭ്യമായ ടെണ്ടറിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് തെരഞ്ഞെടുക്കേണ്ടതും നിരസിക്കുന്നവയ്ക്ക് കൃത്യമായ കാരണം രേഖപ്പെടുത്തേണ്ടതുമാണ്.

4. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ ( ജി.ഒ (പി) - 259/2010/ തസ്വഭവ / 8.11.10)വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഉയർന്ന നിരക്കിൽ പർച്ചേസ് നടത്തിയതിനാൽ പദ്ധതി ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 26780 തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 വൃദ്ധർക്ക് കട്ടിൽ-ഒരേ പ്രൊജക്ട് രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കി

സ.ഉ (എം.എസ്)നം 80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7, സ.ഉ (കൈ) നം22/2018/ ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ സമാഹരണ പദ്ധതി തയ്യാറാക്കുമ്പോൾ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. കൂടാതെ 2013 ലെ സ്റ്റോർ പർചേയ്സ് മാന്വൽ ഖണ്ഡിക 7.2 പ്രകാരം വാങ്ങലുകൾക്കായി ആവശ്യകതയെ ചെറിയ ഘടകങ്ങളായി വിഭജിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ. (എം.എസ്) 13/2015/ITD/ തീ. 12.5.2015 പ്രകാരം 5 ലക്ഷത്തിനു മുകളിലുള്ള ടെൻഡറുകൾക്ക് ഇ- പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന് വിരുദ്ധമായി 2018-19 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി സെക്രട്ടറി, ഐ സി ഡി എസ് സൂപ്പർവൈസർ എന്നീ രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ടുകൾ നടപ്പിലാക്കിയതായികാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രൊജക്ട് | അടങ്കൽ | നിർവ്വഹണ | ചെലവ |
|---|---|---|---|---|

| നം | | | ഉദ്യോഗസ്ഥൻ | ഴിച്ച തുക |
|---|---|---|---|---|
| 1 | 261/19 വൃദ്ധർക്ക് കട്ടിൽ (ജനറൽ) | തനതു ഫണ്ട് 20000 ബ്ലോക്ക് വിഹിതം 400000 ആകെ 420000 | സെക്രട്ടറി | തനതു ഫണ്ട് 5720 ബ്ലോക്ക് വിഹിതം 400000 ആകെ 405720 |
| 2 | 192/19 വൃദ്ധർക്ക് കട്ടിൽ (ജനറൽ) | വികസന ഫണ്ട് 445550 തനതു ഫണ്ട് 2500 ആകെ 448050 | ഐ സി ഡി എസ് സൂപ്പർവൈസർ | വികസന ഫണ്ട് 333615 |
| | ആകെ | 868050 | | 739335 |

കട്ടിൽ വിതരണത്തിനായി ഒരേ കാലയളവിൽ രണ്ട് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വ്യത്യസ്ത നിരക്കിലുള്ള കട്ടിൽ വിതരണം ചെയ്ത നടപടി ക്രമവിരുദ്ധമാണ്. 2017-18 വർഷത്തിൽ ആരംഭിച്ച പ്രസ്തുത പ്രൊജക്ടുകൾ രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരും 2018-19 ലാണ് പൂർത്തിയാക്കിയത്.

കട്ടിലുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | ഐ സി ഡി എസ് സൂപ്പർവൈസർ |
|---|---|---|
| കട്ടിൽ വിതരണം ചെയ്ത സ്ഥാപനം | സംസം ഇൻഡസ്ട്രീസ് കൊടുന്തിരപ്പുള്ളി | രാജധാനി ഏജൻസീസ് ചെർപ്പുളശ്ശേരി |
| നിരക്ക് | 2940 രൂപ | 3239 |
| എണ്ണം | 138 | 103 |

സബ്സിഡി മാർഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒരേ പ്രൊജക്ട് രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 04/20.11.2019)2016-17 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനതു ഫണ്ട് 20000 രൂപ ബ്ലോക്ക് വിഹിതം 400000രൂപ ആകെ 420000 രൂപ അടങ്കൽ ആയി പദ്ധതി തയ്യാറാക്കുകയും (303/2016-17) ബ്ലോക്ക് വിഹിതം 400000രൂപ 31.03.2017 ന് ലഭിച്ചതിനാൽ തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞില്ല.2017-18 ൽ സബ്സിഡി നിരക്കിൽ

മാറ്റം വരുകയും കട്ടിലിന് 4350 രൂപ നിരക്കിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി തയ്യാറാക്കുകയും ചെയ്തു. സെക്രട്ടറിയുടെ പദ്ധതിയിലെ യൂണിറ്റ് നിരക്കിൽ മാറ്റം വരുത്തുന്നതിന് കോ-ഓഡിനേഷൻ കമ്മിറ്റിക്ക് അപേക്ഷിച്ചുവെങ്കിലും അംഗീകാരം ലഭ്യമല്ലാത്തതിനാലാണ് വെവ്വേറെ ടെണ്ടർ നടപടികൾ സ്വീകരിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഒരേ വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് തൻവർഷം വ്യത്യസ്ഥ നിരക്കിലും ,ഗുണനിലവാരത്തിലുമുള്ള കട്ടിലുകൾ വിതരണം ചെയ്ത നടപടി ശരിയല്ല.ഇത് ഗുണഭോക്താക്കളെ വിവേചനപരമായി കാണുന്നതിന് ഇടയാക്കുന്നതാണ്.

സബ്സിഡി മാർഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-19 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിനൽകൽ -പ്രൊക്യൂർമെന്റ് മാർഗരേഖ പാലിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതിക്കാരായ ഉന്നത പഠന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനുവേണ്ടി തൻവർഷം 3 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട് . പ്രൊജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | അടങ്കൽ | ചെലവ് | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 17/18-19 പട്ടികജാതിക്കാരായ ഉന്നത പഠന വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് | 630000/- (വികസന ഫണ്ട്) | 341900/- | 13 |
| 2 | 21/18-19 പട്ടികജാതിക്കാരായ ഉന്നത പഠന വിദ്യാർത്ഥികൾക്ക് | 480000/- (വികസന ഫണ്ട്) | 468672 | 16 |
| 3 | 322/18-19 പട്ടികജാതിക്കാരായ | 45000/- (വികസന ഫണ്ട്) | 41916 വികസന ഫണ്ട് | 12 |

| | | | | |
|---|---|---|---|---|
| | ഉന്നത പഠന വിദ്യാർത്ഥികൾക്ക് | 15000 തനതു ഫണ്ട്<br>300000 ബ്ലോക്ക് വിഹിതം<br>ആകെ 360000 | 300000 ബ്ലോക്ക് വിഹിതം<br>ആകെ 341916 | |
| | ആകെ | 1470000 | 1152488 | 41 |

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. സ.ഉ. (എം.എസ്) 13/2015/ITD/ തീ. 12.5.2015 പ്രകാരം 5 ലക്ഷത്തിനു മുകളിലുള്ള ടെൻഡറുകൾക്ക് ഇ- പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇ- പ്രൊക്യൂർമെന്റ്സംബന്ധിച്ച് മുകളിൽ പറഞ്ഞ സർക്കാർ നിർദേശം അവഗണിച്ചതിനാൽ കൂടുതൽ ടെൻഡറർമാർക്കുള്ള അവസരം മേൽ പറഞ്ഞ പ്രൊജക്ടുകളിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ മൂന്ന് പ്രൊജക്ടുകളുടേയും ഗുണഭോക്താക്കൾ ഒരേ വിഭാഗത്തിൽപെടുന്നവരും ഒരേ ആനുകൂല്യം കൈപ്പറ്റാൻ തെരഞ്ഞെടുക്കപ്പെട്ടവരുമാണ്. 20.08.2018 ലെ 2 -ാം നം ഭരണസമിതി തീരുമാന പ്രകാരം 45 ഗുണഭോക്താക്കളുടെ ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രൊജക്ടിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുൻപുതന്നെ മതിയായ ഗുണഭോക്താക്കൾ ലഭ്യമായിരുന്നു. അതിനാൽ ഒന്നിച്ച് ടെണ്ടർ ചെയ്യാവുന്നതായിരുന്നു. മൂന്ന് പ്രൊജക്ടുകളുടെ ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചതിന് ദേശാഭിമാനി പാലക്കാട് എഡിഷന് താഴെ പറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | വൗച്ചർ നം | ഇൻവോയ്സ് നം | തുക |
|---|---|---|---|---|
| 1 | 21/18-19 | 21800659 /25.10.18 | PKD/2018/09/69741/26.09.18 | 7560 |
| 2 | 17/18-19 | 21801040 /05.02.19 | PKD/2018/12/81259/215.12.18 | 4536 |
| 3 | 322/18-19 | 21800601 | PKD/2018/10/71008/205.10.18 | 9072 |

| | | | | |
|---|---|---|---|---|
| | | /25.10.18 | | |
| 4 | ആകെ | | | 21168 രൂപ |

മേൽ പറഞ്ഞ സാഹചര്യങ്ങൾ നിലനിൽക്കെ പ്രൊജക്ട് മൂന്നായി വിഭജിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/20.11.2019) ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കാണ് പദ്ധതികൾ ടെണ്ടർ ചെയ്യുന്നത് എന്നും ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് ലോഗിൻ ചെയ്യുമ്പോൾ സാങ്കേതിക ബുദ്ധിമുട്ടുകൾ മൂലം ഇ-ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാധിക്കുന്നില്ലെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ.

* സബ്സിഡി മാർഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതും വാങ്ങലുകൾ നടത്തേണ്ടതുമാണ്.

* ഒരു നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു വർഷം നടപ്പിലാക്കുന്ന എല്ലാ പ്രൊജക്ടുകളുടെയും ടെണ്ടർ പരസ്യം ഒരുമിച്ച് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

* ജി.ഒ (എം എസ്) 24/17/ഐ.ടി.ഡി. തി 18/.11.17, ഐ ടി സെൽ 1/26/2019 വി.സാ.വ. തീ.18.03.19 എന്നിവ പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആരംഭിച്ച www.cprcs.kerala.gov.in എന്ന ഓൺ ലൈൻ സൈറ്റിലൂടെ മാത്രമേ ഐ ടി ഉപകരണങ്ങൾ വാങ്ങാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിന് അനുസൃതമായി ഭാവിയിൽ വാങ്ങലുകൾ നടത്തേണ്ടതാണ്.

# 1-20 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- വിതരണക്കാരന്റെ ഇ.എം.ഡി കണ്ടുകെട്ടേണ്ടതാണ്

2018-19 സാമ്പത്തിക വർഷം പട്ടികജാതിക്കാരായ ഉന്നത പഠന വിദ്യാർത്ഥികൾക്ക് പഠന നിലവാരം ഉയർത്താൻ ലാപ്ടോപ്പ് വാങ്ങിനൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടിന്റെ വിശദവിവരം താഴെ പറയുന്നു.

| | |
|---|---|
| പ്രൊജക്ട് നം | SO21/18-19 |
| നിർവ്വഹണം | അസി. സെക്രട്ടറി |
| അടങ്കൽ | 480000- വികസന ഫണ്ട് |

| | |
|---|---|
| | എസ്.സി.പി |
| ചെലവ് - | 468672 |
| ബിൽ നം/ ചെക്ക് നം | 04/18-19 തീ 14.01.2019 തുക 468672 |

മേൽ പദ്ധതികൾ പ്രകാരം 2018-19 സാമ്പത്തിക വർഷം പട്ടികജാതിക്കാരായ ഉന്നത പഠന വിദ്യാർത്ഥികൾക്ക് പഠന നിലവാരം ഉയർത്താൻ ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. പദ്ധതിക്കായി 24.09.18,04.10.2018 എന്നീ തീയതികളിൽ ടെണ്ടർ ക്ഷണിച്ചതിൽ (എ എസ് 01/2018/തീ 24.09.18,04.10.18) 5 വർഷത്തെ comprehensive onsite OEM warranty യുള്ള ലാപ് ടോപ്പുകളാണ് ആവശ്യപ്പെട്ടത് .

ടെണ്ടർ സമർപ്പിച്ച 5 സ്ഥാപനങ്ങളിൽ നിന്ന് ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച അക്ഷര എന്റർപ്രൈസസ് പാലക്കാട് എന്ന സ്ഥാപനം വിവിധ നിരക്കിൽ 8 പ്രൊസസറുകൾ രേഖപ്പെടുത്തുകയും ആയതിൽ 5 എണ്ണം (ഒരേ നിരക്ക്) വാറണ്ടിയടക്കം ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട അതേ സ്പെസിഫിക്കേഷൻ തന്നെയാണ് എന്ന് ഐ കെ എം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. (നിരക്ക് @ 28743 രൂപ) 22.11.2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം ഐ കെ എം ന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്ഷര എന്റർപ്രൈസസ് പാലക്കാട് എന്ന സ്ഥാപനത്തിന്റെ 28743 രൂപ നിരക്കിലുള്ള ലാപ് ടോപ്പ് തെരഞ്ഞെടുക്കുന്നതിന് ശുപാർശ ചെയ്തു. ആയതിന് 22.11.2018ലെ 11 (1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ട്.

10.12.2018 ലെ എ എസ് /01/2018 നമ്പർ കത്ത് പ്രകാരം അക്ഷര എന്റർപ്രൈസസ് പാലക്കാട് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും 24000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കുന്നതിനും ആവശ്യപ്പെട്ടു. എന്നാൽ ടി സ്ഥാപനം ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയോ,സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കുകയോ ചെയ്യാതെ 18.12.2018 ന് 16 ലാപ്ടോപ്പുകൾ സപ്ലൈ ചെയ്തു.19.12.2018 ന് ഐ കെ എംന്റെ ബ്ലോക്ക് ടി എ യുടെ പ്രാഥമിക പരിശോധനയിൽ പ്രസ്തുത ലാപ്ടോപ്പുകൾ 1 വർഷത്തെ വാറണ്ടി മാത്രമേയുള്ളൂ എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ

വിവരങ്ങൾ കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ 19.12.2018 ലെ എ എസ് /01/2018 നമ്പർ കത്ത് പ്രകാരം അക്ഷര എന്റർപ്രൈസിനോട് ടെണ്ടർ പ്രകാരമുള്ള 5 വർഷത്തെ വാറണ്ടിയുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനും അല്ലാത്ത പക്ഷം ടെണ്ടർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വന്ന ചെലവുകൾ ടി സ്ഥാപനത്തിൽനിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ച് കത്ത് നൽകി. ആയതിന് 5 വർഷത്തെ വാറണ്ടിക്ക് പകരം 3 വർഷത്തെ comprehensive onsite OEM warranty യും 2 വർഷത്തെ സപ്ലൈയേഴ്സ് വാറണ്ടിയുമായി സപ്ലൈ ചെയ്യാം എന്ന് മറുപടി കത്ത് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഫയലിൽ സൂക്ഷിക്കുകയോ ആ മറുപടി പരിഗണിക്കുകയോ ചെയ്തതായി കാണുന്നില്ല. ടെണ്ടർ നടപടി ലംഘിച്ച അക്ഷര എന്റർപ്രൈസസ് പാലക്കാട് എന്ന സ്ഥാപനത്തിനെ ഒഴിവാക്കുന്നതിനും സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2956/2018/ത സ്വ ഭ വ തീ.21.11.2018 പ്രകാരം ലാപ്ടോപ്പുകളുടെ വാറണ്ടി 5 വർഷത്തിൽനിന്നും 3 വർഷമായി കുറച്ചിട്ടുള്ളതിനാലും, റീ ടെണ്ടർ നടപടികൾ അധിക ചെലവും ,കാലതാമസവും വരുത്തുമെന്നതിനാൽ ടെണ്ടറിൽ രണ്ടാമത്തെ കുറവ് നിരക്ക് രേഖപ്പെടുത്തിയ JIT services ന്റെ intel core i3 -3 വർഷത്തെ comprehensive onsite OEM warranty യും 2 വർഷത്തെ സപ്ലൈയേഴ്സ് വാറണ്ടി ഉള്ള ലാപ്ടോപ്പ് (@29292 രൂപ) വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഭരണസമിതിയോട് അപേക്ഷിച്ചു. ഇതിന് ഭരണസമിതി യുടെ 27.12.2018 ലെ 3(4) നം തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം. എ 145/01.01.2019 പ്രകാരം ടി സ്ഥാപനം 16 acer aspire core i-3 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം 02/19.11.2019 പ്രകാരം താഴെ പറയുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു.

1) നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു വർഷം നടപ്പിലാക്കിയ രണ്ട് പ്രൊജക്ടുകളിൽ ഇ എം ഡി അടവാക്കാതെ പങ്കെടുത്ത JIT services ന്റെ ടെണ്ടർ, ഒരെണ്ണത്തിൽ സ്വീകരിക്കുകയും മറ്റേതിൽ ഇ എം ഡി ഇല്ലാത്തതിനാൽ ടെണ്ടർ നിരസിക്കുകയും ചെയ്തത്.

2) രണ്ടാമത്തെ കുറവ് ടെണ്ടർ സമർപ്പിച്ച JIT services എന്ന സ്ഥാപനം സപ്ലൈ ചെയ്തത് 3 വർഷത്തെ comprehensive onsite OEM warranty യും 2 വർഷത്തെ സപ്ലൈയേഴ്സ് വാറണ്ടി ഉള്ള ലാപ്ടോപ്പ് ആണ്. പ്രസ്തുത സ്പെസിഫിക്കേഷനോടെ ലാപ്ടോപ്പ് നൽകാമെന്ന അക്ഷര എന്റർപ്രൈസിന്റെ മറുപടി പരിഗണിക്കാത്തത്.

3) തൻവർഷം നടപ്പിലാക്കിയ പട്ടികജാതിക്കാരായ ഉന്നത പഠന വിദ്യാർത്ഥിനികൾക്ക് പഠന നിലവാരം ഉയർത്താൻ ലാപ്ടോപ്പ് വാങ്ങിനൽകൽ (17/2018-19) എന്ന പ്രൊജക്ടിന്റെ ഭാഗമായി 03.01.2019 ൽ ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ NN Computers ന്റെ 26300 രൂപയുടെ ലാപ്ടോപ്പ് ആണ്.ആയതിനാൽ 27.12.2018ന് റീ ടെന്റർ ചെയ്യുന്നത് അസാധാരണമായ കാലതാമസത്തിന് കാരണമാകുമെന്നും അപ്രകാരം

കൂടിയ നിരക്കിലുള്ള ടെന്റർ അംഗീകരിക്കാമെന്നുമുള്ള അസിസ്റ്റന്റ് സെക്രട്ടറിയുടെ ശുപാർശ അംഗീകരിക്കാവുന്നതല്ല.

ആയതിന് 22.11.2019 ന് നൽകിയ മറുപടിയിൽ അക്ഷര എന്റർപ്രൈസസ് പാലക്കാട് 5 വർഷത്തെ വാറണ്ടിക്ക് പകരം 3 വർഷത്തെ comprehensive onsite OEM warranty യും 2 വർഷത്തെ സപ്ലെയേഴ്സ് വാറണ്ടിയുമായി സപ്ലൈ ചെയ്യാം എന്ന് മറുപടി നൽകിയിരുന്നുവെങ്കിലും കാലതാമസം കൂടാതെ വാറന്റി അപ് ലോഡ് ചെയ്യാതിരുന്നതിനാലാണ് മേൽ സ്ഥാപനത്തെ ഒഴിവാക്കിയതെന്നും ട്രഷറി നിയന്ത്രണങ്ങളും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം പുനർ ദർഘാസ് വിളിക്കുന്നത് കാലതാമസത്തിന് ഇടയാക്കുന്നതിനാൽ ഫണ്ടുകൾ നഷ്ടപ്പെടാൻ സാധ്യതയുള്ളതിനാലാണ് തൊട്ടടുത്ത കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് അംഗീകരിച്ചത് എന്നും വിശദീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സ്റ്റോർസ് പർച്ചേസ് മാന്വൽ,പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

* ടെണ്ടർമാർ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത യഥാസമയം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

* അക്ഷര എന്റർപ്രൈസസ് പാലക്കാട് എന്ന സ്ഥാപനത്തിന്റെ ഇ എം ഡി കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

* ജി.ഓ (എം എസ്) 24/17/ഐ.ടി.ഡി. തീ 18/.11.17, ഐ ടി സെൽ 1/26/2019 വി.സാ.വ. തീ.18.03.19 എന്നിവ പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആരംഭിച്ച www.cprcs.kerala.gov.in എന്ന ഓൺ ലൈൻ സൈറ്റിലൂടെ മാത്രമേ ഐ ടി ഉപകരണങ്ങൾ വാങ്ങാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിന് അനുസൃതമായി ഭാവിയിൽ വാങ്ങലുകൾ നടത്തേണ്ടതാണ്.

# 1-21 വായനശാലക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി- റീ ടെണ്ടർ സാധ്യത പരിഗണിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നം | 317/18-19 |
| നിർവ്വഹണം | 50000/-(തനതുഫണ്ട്) |
| അടങ്കൽ | സെക്രട്ടറി |
| ചെലവ് - | 50000/- |
| | |

| | |
|---|---|
| ബിൽ നം/ ചെക്ക് നം | 2190294/19.12.18 |
| വൗച്ചർ നം | 21800879 തീ.19.12.18 |
| ഇൻവോയ്സ് നം | 2014/13.11.2018 -50000/- രൂപ |

മേൽ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം വിവേകാനന്ദ വായനശാലയിൽ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായ യോഗങ്ങളും കൂടാതെ വിവിധ വാർഡ് അടിസ്ഥാനത്തിലുള്ള യോഗങ്ങളും ചേരുന്നതിന് ആവശ്യമായ കസേര വാങ്ങിനൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പർച്ചേസിനായി അവലംബിച്ചിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങൾ 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു

വിവേകാനന്ദ വായനശാലക്ക് ഫർണ്ണീച്ചർ വാങ്ങൽ എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ ( നം എ-6454/17 തീ 21.08.18) ഇംപാക്ട് എന്റർപ്രൈസസ്, മലപ്പുറം, എഫാർ ട്രേഡേഴസ് പട്ടിക്കര, പാലക്കാട് എന്നീ രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ടെണ്ടറിൽ സാമ്പിളുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇംപാക്ട് എന്റർപ്രൈസസ് മലപ്പുറം സാമ്പിളുകൾ ഹാജരാക്കിയില്ല. 09.10.2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി എഫാർ ട്രേഡേഴ്സ് പട്ടിക്കര ,പാലക്കാട് ഹാജരാക്കിയ കസേരകളുടെ വിവിധ സാമ്പിളുകൾ പരിശോധിച്ച് ലഭ്യമായ സാമ്പിളുകളിൽ ഏറ്റവും നിലവാരം ഉയർന്നതും വൃത്തിയാക്കുന്നതിന് സൗകര്യപ്രദമാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാലും ഒതുക്കി വെക്കുന്നതിന് സൗകര്യപ്രദമാണ് എന്ന് കണ്ടതിനാലും 455 രൂപയുടെ nilkamal-2160 എന്ന കസേര 110 എണ്ണം വാങ്ങുന്നതിന് ശുപാർശ ചെയ്തു.(തീരുമാനം നം 2). ആയതിന് 12.10.2018 ലെ 11 (8) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ട്.ഹാജരാക്കിയ കസേരകളുടെ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ടെണ്ടർ സ്പെസിഫിക്കേഷൻ<br>Moulded arm chair virgin plastic | |
|---|---|---|---|
| | | ഇനം (arm chair) | ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് |
| 1 | എഫാർ ട്രേഡേഴസ് പട്ടിക്കര പാലക്കാട് | Nilkamal-2071<br>nilkamal-2160 | 430<br>455 |

| | | | |
|---|---|---|---|
| | | nilkamal-7015 | 568 |
| | | nilkamal-2036 | 715 |
| | | arris civic | 420 |

സാധനങ്ങളുടെ സമാഹരണ പദ്ധതി തയ്യാറാക്കുമ്പോൾ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ് എന്ന് പ്രൊക്യൂർമെന്റ് മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ലഭിച്ച ടെണ്ടറുകളിൽ യോഗ്യമായ ഒരു ടെണ്ടർ മാത്രമാണ് എന്നിരിക്കെ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല. കൂടാതെ സിംഗിൾ ടെണ്ടർ സ്വീകരിച്ചതിന് ശേഷം പ്രസ്തുത സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയിട്ടില്ല.
ഓഡിറ്റ് നിർദ്ദേശങ്ങൾ

25000 രൂപയിൽ അധികരിക്കുന്ന ഉപകരണങ്ങൾ GeMൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖാന്തിരം വാങ്ങുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 അംഗീകാരമില്ലാത്ത തസ്തികയിൽ ദിവസവേതനം നൽകിയത് ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിച്ചതിൽ എ.ഇ.ഓഫീസിൽ നിലവിലില്ലാത്ത ക്ലറിക്കൽ തസ്തികയിൽ ജീവനക്കാരെ നിയമിച്ച് ദിവസവേതനം നൽകിയതായി കണ്ടെത്തി. ഭരണസമിതിയുടെ 11.04.2018 ലെ 9(1) നമ്പർ തീരുമാന പ്രകാരം എൽ.എസ്.ജി.ഡി.കാര്യാലയത്തിൽ 2017-18 ലെ സ്പിൽ ഓവർ വർക്കുകളുടെ പൂർത്തീകരണവും 2018-19 ലെ 145 ഓളം പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് അടിയന്തിരമായി തയ്യാറാക്കേണ്ടതിനാലും പ്രവർത്തികളുടെ ആധിക്യവും മൂലം നിലവിൽ ക്ലർക്ക് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ പി അനിലിന്റെ സേവനം 179 ദിവസത്തേക്കു കൂടി നീട്ടുന്നതിന് തീരുമാനമെടുത്തിട്ടുണ്ട് കൂടാതെ 27.12.2018 ലെ 2(2) നം തീരുമാന പ്രകാരം എൽ.എസ്.ജി.ഡി. കാര്യാലയത്തിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ഒരു ക്ലർക്കിന്റെ സേവനം ലഭ്യമാക്കണമെന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് യോഗം പരിശോധിക്കുകയും നിലവിൽ ഒരു ഓവർസീയറുടെ ഒഴിവ് ഉള്ളതിനാലും പൊതുമരാമത്ത് പ്രവർത്തികളുടെ വർദ്ധിച്ചുവന്ന എണ്ണവും, കെട്ടിട നിർമ്മാണത്തിനുള്ള എൻ.ഒ.സി, പെർമിറ്റ്, ബിൽഡിംഗ് നമ്പർ എന്നീ പ്രവൃത്തികൾക്ക് ഒരു ഓവർസീയറുടെ പ്രവർത്തനം അപര്യാപ്തമായതിനാലും, 2019-20 വർഷത്തെ പദ്ധതി അടിയന്തിരമായി ഡാറ്റാ എൻട്രി നടത്തി അംഗീകാരം വാങ്ങേണ്ടതിനാലും മുൻകാല പ്രാബല്യത്തോടെ (03.12.2018 മുതൽ) 89 ദിവസത്തേക്കോ ഓവർസീയറുടെ ഒഴിവിൽ

പുതിയ വ്യക്തിയെ നിയമിക്കുന്നതുവരെയോ പി അനിലിനെ ക്ലർക്ക് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ എൽ.എസ്.ജി.ഡി വിഭാഗത്തിലെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കാലയളവിൽ അംഗീകൃത ക്ലറിക്കൽ തസ്തിക നിലവിലില്ല എന്ന് കണ്ടെത്തി.

2018-19 ൽ നൽകിയ ദിവസവേതനമായി അനുവദിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നം | വൗച്ചർ നം | മാസം | പ്രവൃത്തി ചെയ്ത ദിവസം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | 21800018/03.04.18 | 03/18 | 23 | 961 | 22103 |
| 2 | 21800081/02.05.18 | 04/18 | 24 | 961 | 23064 |
| 3 | 21800192/01.06.18 | 05/18 | 9 | 961 | 8649 |
| 4 | 21800193/01.06.18 | 05/18 | 16 | 961 | 15376 |
| 5 | 21800319/03.07.18 | 06/18 | 24 | 961 | 23064 |
| 6 | 21800405/01.08.18 | 07/18 | 25 | 725 | 18125 |
| 7 | 21800501/01.09.18 | 08/18 | 24 | 725 | 17400 |
| 8 | 21800595/01.10.18 | 09/18 | 22 | 735 | 16170 |
| 9 | 21800723/01.11.18 | 10/18 | 23 | 725 | 16675 |
| 10 | 21800814/01.12.18 | 11/18 | 23 | 725 | 16675 |
| 11 | 21800939/16.01.19 | 12/18 | 24 | 725 | 17400 |
| 12 | 21801023/04.02.19 | 01/19 | 20 | 725 | 14500 |
| 13 | 21801132/05.03.19 | 02/19 | 20 | 725 | 14500 |
| 14 | ആകെ | | | | 223701 |

സർക്കാർ ഉത്തരവ് (പി)28/16/ധനം/26.2.2016 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായശേഷം മാത്രമേ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. ഓവർസീയറുടെ ഒഴിവ് സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുകയോ, നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചതായോ കാണുന്നില്ല. നിലവിലില്ലാത്ത ക്ലറിക്കൽ തസ്തികയിൽ, സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ചത് അംഗീകരിക്കാവുന്നതല്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/22.11.2019) 2017-18 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 56983115 രൂപയുടെ 183 പ്രൊജക്ടുകളും 2018-19 ൽ 57445001 രൂപയുടെ 228 പദ്ധതികളും രൂപീകരിച്ചിട്ടുണ്ട് ഇത്രയും

പദ്ധതികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിന് എ ഇ യ്ക്ക് പുറമേ 2 ഓവർസായർ മാത്രമാണ് ഉള്ളതെന്നും പരിമിതമായ സ്റ്റാഫിനെ വച്ച് പ്രൊജക്ടുകൾ സമയബന്ധിതമായി തീർക്കുന്നതിന് ഒരു സ്റ്റാഫിന്റെ സേവനം ആവശ്യമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി താല്ക്കാലിക നിയമനം നടത്തിയത് നിയമനം നടത്തുമ്പോൾ ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീമതി രാധിക കെ കെ മെറ്റേർണിറ്റി ലീവിൽ ആയിരുന്നു ഈ ഒഴിവിനനുസരിച്ചാണ് നിയമനം നടത്തിയതെന്നും എന്നും മറുപടി നൽകിയിട്ടുണ്ട്. ശ്രീമതി രാധിക കെ കെ മെറ്റേർണിറ്റി ലീവിന് ശേഷം 13.05.2018 ന് സേവനത്തിൽ തിരികെ പ്രവേശിച്ചതായി ഹാജർ പുസ്തകം പരിശോധിച്ചതിൽ കണ്ടു.ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ഒഴിവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിയമനം നടത്താൻ സാധ്യമല്ല ആയതിനാൽ സർക്കാർ അനുമതി ലഭ്യമാകുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 223701 രൂപ തടസപ്പെടുത്തുന്നു.

# 1-23 എ.ബി.സി പദ്ധതി- വിനിയോഗവിവരം ലഭ്യമാക്കണം

പ്രൊജക്ട് - എ.ബി.സി പദ്ധതി - ( 309/19)

അടങ്കൽ - 350000 പ്ലാൻ

ചെലവ് -1/16.7.18 – 350000

നിർവഹണം- വെറ്റിനറി സർജൻ

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിയായ എ.ബി.സി പദ്ധതി ജില്ലാ പഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി 350000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ എ.ബി .സി പദ്ധതി നടപ്പിലാക്കിയതിന്റെ വിവരം (എണ്ണം ഉൾപ്പെടെ) , തുക വിനിയോഗിച്ചതിന്റെ വിവരം എന്നിവ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ( ഓഡിറ്റ് എൻക്വയറിക്ക്- (നമ്പർ - 9/23.11.19 )മറുപടി ലഭ്യമായില്ല). നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ പദ്ധതി സമയബന്ധിതമായി നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും പദ്ധതി തുകയുടെ വിനിയോഗസാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്.

# 1-24 ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

പ്രൊജക്ട് - വീട് നിർമ്മാണം (ജ) – 280/19( സ്പിൽ ഓവർ)

അടങ്കൽ - 1010000 (തനത് ഫണ്ട് )

ചെലവ് - 310000

ചെക്ക് നമ്പർ - 6583373/9.8.18- 220000

6583379/30.1.19- 90000
നിർവഹണം – വി.ഇ.ഒ

2014-15 വർഷം ഭവനനിർമ്മാണം ആരംഭിച്ച് നാളിതുവരെ പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുള്ളത്. 2,00,000/- രൂപയാണ് ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന തുക (യൂണിറ്റ് നിരക്ക് ) . 2015 മാർച്ച് മാസത്തിൽ ആദ്യഗഡുവും (40000) തുടർ വർഷങ്ങളിൽ രണ്ട് / മൂന്നാം ഗഡുവും ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ട്. 2018-19 വർഷത്തിൽ 5വ്യക്തികൾക്ക് പദ്ധതിതുക അനുവദിച്ചുനൽകിയിട്ടുണ്ട്.

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി 2017-18 വർഷം ലൈഫ് മിഷൻ ഒന്നാംഘട്ടം പൂർത്തിയാക്കുവാൻ സർക്കാർ നിർദേശിച്ചിരുന്നു. ലൈഫ് മിഷനിൽ ഉൾപ്പെടുത്താതെ 2014-15 വർഷത്തെ ഭവനനിർമ്മാണ പദ്ധതി 2018-19 വരെയും തുടർന്ന് വന്നതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10/23.11.19 )ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്താക്കൾക്ക് പല തവണ അറിയിപ്പ് നൽകുകയും യോഗം വിളിച്ചുചേർക്കുകയും ചെയ്തെങ്കിലും പലരും നിർമ്മാണം പൂർത്തിയാക്കാൻ തയ്യാറായില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. 2018-19 വർഷത്തിൽ തന്നെ പദ്ധതി അവസാനിപ്പിച്ചിട്ടുണ്ട്. സ്പിൽ ഓവറായി തുടർന്നുവരുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

2018-19 ൽ ധനസഹായം കൈപ്പറ്റിയവരിൽ താഴെ പറയുന്നവർ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുക പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല.

| ക്രമനമ്പർ | പേര് | കൈപ്പറ്റിയ തിയതി- | രജിസ്റ്റർ പ്രകാരം സ്റ്റേജ് | ഓഡിറ്റ് എൻക്വയ റിക്കുള്ള മറുപടി പ്രകാരം സ്റ്റേജ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തുക | | |
| 1 | പ്രിയ, കവളേങ്ങിൽ | 11.3/2015-40000<br>1.8.15-60000<br>19.2.18-40000<br>9.8.18-40000 | ലിന്റൽ | 180000 /- രൂപ നൽകി. നിർമ്മാണം പൂർത്തിയാക്കിയില്ല. |
| 2 | പ്രഭ ചെറായ | 11.3/2015-40000<br>1.8.15-60000<br>9.8.18 - 40000 | മെയിൻ വാർപ്പ് | നിർമ്മാണം പൂർത്തി യാക്കി |
| 3 | ബാബു പാറശ്ശേരി | 23.3.15 - 40000<br>10.8.15-60000<br>28.3.15-40000<br>24.7.18-40000 | താമസ യോഗ്യം. | കരാർ (സ.ഉ(സാധാ 1050/14/തസ്വഭവ/ 29.4.14) രജിസ്റ്റർ ചെയ്യാത്ത തിനാൽ ബാലൻസ് തുക നൽകാൻ കഴിഞ്ഞില്ല |
| 4 | പാറുകുട്ടി കുണ്ടുവംപാടം | 22.3.16-40000<br>21.10.16-60000<br>24.7.18-40000 | ലിന്റൽ | പൂർത്തീക രിച്ചില്ല. |

ഭവനനിർമ്മാണം പൂർത്തീകരിക്കാൻ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 ലൈഫ് പദ്ധതി- അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ

പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം</u>

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 78 ഉം എസ്.സി വിഭാഗത്തിൽ 2 മാണ് ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 70 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച 2 പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - ജനറൽ. (87/19)-</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 3275800 | 3275800 |
| തനത് ഫണ്ട് | 26791 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 561218 | 515769 |
| ജില്ലാ പഞ്ചായത്ത് | 536191 | 536191 |

| | | |
|---|---|---|
| മറ്റിനം(വായ്പ്പ) | 23600000 | 10692240 |
| ആകെ | 28000000 | 15020000 |

വി.ഇ.ഒ. സമർപ്പിച്ച റിപ്പോർട്ട് പ്രകാരം വിവിധ ഗഡുക്കളായി 18.11.19 വരെ ധനസഹായം കൈപ്പറ്റിയവരുടെ ഭവനനിർമ്മാണത്തിന്റെ സ്റ്റേജ് താഴെ പറയും പ്രകാരമാണ്.

| എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | 1 ഗഡു തുക കൈപ്പറ്റിയ ആകെ ഗുണ ഭോക്താക്കൾ | 11 ഗഡു തുക കൈപ്പറ്റിയ ആകെ ഗുണ ഭോക്താക്കൾ | 111 ഗഡു തുക കൈപ്പറ്റിയ ആകെ ഗുണ ഭോക്താക്കൾ | 4 ഗഡു തുക കൈപ്പറ്റിയ ആകെ ഗുണ ഭോക്താക്കൾ |
|---|---|---|---|---|
| 69 | 69 | 69 | 62 | 23 |

ആദ്യ ഗഡു 40000 രൂപയും രണ്ടാം ഗഡു 160000 രൂപ മൂന്നാം ഗഡുവായി 60000 രൂപയും 4 ാം ഗഡു 100000 രൂപയും(സംസ്ഥാനവിഹിതം) വീതമാണ് ഗ്രാമപഞ്ചായത്തിൽ നൽകിയിട്ടുള്ളത്. നിലവിൽ ജനറൽ വിഭാഗത്തിലെ 43 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

b) പദ്ധതി - ലൈഫ് മിഷൻ ( 29/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 2405600 | 40000 |
| തനത് ഫണ്ട് | 269802 | 0 |
| ജില്ലാ പഞ്ചായത്ത് | 524598 | 0 |
| മറ്റിനം | 1600000 | 0 |
| ആകെ | 4800000 | 40000 |

വി.ഇ.ഒ. സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഗുണഭോക്താവ് നിലവിൽ ലിന്റൽ വരെയുള്ള നിർമ്മാണം നിലവിൽ പൂർത്തികരിച്ചിട്ടുണ്ട്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 10712240രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. 10692240രൂപ 2018-19 ൽ വിതരണം ചെയ്തിട്ടുണ്ട്.

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 ൽ സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 ശമ്പള പരിഷ്ക്കരണ കുടിശ്ശിക - ജീവനക്കാരുടെ പെൻഷൻ

# കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ. (പി) നം 7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ജി.ഒ. (പി) നം 146/2018 ഫിൻ തീയതി.16.09.2018 ഉത്തരവ് പ്രകാരം IV-ാം ഗഡു ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം IV-ാം ഗഡു ശമ്പള കുടിശ്ശിക പണമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗഡു | വൗച്ചർ നമ്പർ/ തീയതി | തുക | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 4 | 21800617/05.10.2018 | 169971 | 13 |
| 4 | 21800813/21.12.2018 | 24628 | 1 |
| | ആകെ | 194599 | 14 |

മേൽ ഉത്തരവ് നം 1 ലെ ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ശമ്പള കുടിശ്ശിക 1, 2,3 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും ജീവനക്കാർക്ക് IV-ാം ഗഡു പണമായി അനുവദിച്ചു നൽകി എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

ശമ്പള കുടിശ്ശിക നൽകിയ ഇനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കേണ്ടിയിരുന്നിട്ടും, ഇതിന് 2017-18, 2018-19 ബജറ്റിൽ വകയിരുത്തുകയോ, അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/23.11.19) തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്

2018-19 വർഷത്തിൽ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും തുക

ചെലവഴിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കൺസ്യൂമർ നം. | കുടിവെള്ള പദ്ധതി | വൈദ്യുതി ചാർജ്ജ് | പമ്പ് ഓപ്പറേറ്റർ | നൽകിയ വേതനം |
|---|---|---|---|---|---|
| 1 | 1165234003551 | പെരിങ്ങോട് | 152399 | ബാല സുബ്രഹ്മണ്യൻ. പി | 220860 |
| 2 | 1165237033719 | തോട്ടുപാലം | | | |
| | ആകെ | | 152399 | | 220860 |

സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് , സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കുടിവെള്ള പദ്ധതികളിൽ നിന്നും നൽകിയ ഗാർഹിക/ഗാർഹികേതര കണക്ഷനുകളുടെ എണ്ണം, പൊതു ടാപ്പുകളുടെ എണ്ണം, പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ, നടപ്പുവർഷത്തിൽ ഈടാക്കിയ വെള്ളക്കരം, മെയിന്റനൻസ് ചെലവ് എന്നിവ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം 08/23.11.2019 പ്രകാരം ആവശ്യപ്പെട്ടു ആയതിന് നൽകിയ മറുപടി ചുവടെ ചേർക്കുന്നു

| ക്രമ നം | വിവരങ്ങൾ | പെരിങ്ങോട് | തോട്ടുപാലം |
|---|---|---|---|
| | ഗാർഹിക/ ഗാർഹികേതര കണക്ഷനുകളുടെ എണ്ണം | ഒന്നുമില്ല | ഒന്നുമില്ല |
| | പൊതു ടാപ്പുകളുടെ എണ്ണം | 254 | 185 |
| | പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ | 2002 ൽ KWA യിൽ നിന്നും കൈമാറി കിട്ടിയതാണ് പൊതുടാപ്പുകൾ മാത്രമാണ് ഉണ്ടായിരുന്നത് | |
| | ഈടാക്കിയ വെള്ളക്കരം | ഒന്നുമില്ല | ഒന്നുമില്ല |
| | മെയിന്റനൻസ് ചെലവ് | പെരിങ്ങോട് കുടിവെള്ള പദ്ധതിക്ക് 17000 രൂപയും രണ്ട് പദ്ധതികൾക്കും സംയുക്തമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തനതുഫണ്ടിൽ നിന്നും | |

| | | |
|---|---|---|
| | | 259206 രൂപ ചെലവഴിച്ചിട്ടുണ്ട്. |

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പൊതുടാപ്പുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

* ഗാർഹിക/ഗാർഹികേതര കണക്ഷനുകൾ മാത്രം നൽകുക

* വെള്ളക്കരം ഈടാക്കുക

* ഗുണഭോക്തൃസമിതി രൂപീകരിച്ച് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് , സംരക്ഷണം എന്നിവ കൈമാറുക

# 1-28 അസാധാരണ ചെലവുകൾ- നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

എന്നാൽ, കോങ്ങാട് ഗ്രാമ പഞ്ചായത്തിൽ അസാധാരണ ചെലവുകൾക്ക് വേണ്ടി രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുകയോ ചെലവ് പരിധി പാലിക്കുകയോ മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. 2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി.ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം തീയതി | ഇനം | തുക |
|---|---|---|---|
| 1 | 21800159/25.05.2018 | SSLC ,PLUS TWO | 4600 |

| | | | |
|---|---|---|---|
| | | അനുമോദന സദസ് | |
| 2 | 21800236/25.05.2018 | SSLC ,PLUS TWO അനുമോദന സദസ്- ബാനർ | 800 |
| 3 | 21800270/29.06.2018 | ലോക പരിസ്ഥിതി ദിനാഘോഷം -ബാനർ | 1750 |
| 4 | 21800441/21.08.2018 | കട്ടിൽ വിതരണം | 400 |
| 5 | 21800470/23.08.18 | പൂതങ്കോട് സ്കൂൾ സ്റ്റോർ റും ഉദ്ഘാടനം | 2000 |
| 6 | 21800511/01.09.2018 | ലോക മുലയൂട്ടൽ വാരാഘോഷം | 1950 |
| 7 | 21800632/11.10.2018 | വടക്കുമ്പാടം കുടിവെള്ള പദ്ധതി ഉദ്ഘാടനം | 2565 |

സർക്കുലർ നം. 451/ എഫ് എം 2/2015/ത.സ്വ.ഭ.വ തീയതി 17.12.2015പ്രകാരം അസാധാരണ ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി കണക്കാക്കി തുക നൽകുന്നത് ഒഴിവാക്കേണ്ടതും ആയത് ചട്ടപ്രകാരം അനുവദനീയമായ ഇനങ്ങളിൽ ഉൾപ്പെടുത്തി, ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം 15/26.11.2019)

# 1-29 ബാരലിന്റെ വില കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചു

ഗ്രാമ പഞ്ചായത്തിന്റെ റോഡു പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി നിർവ്വഹണത്തിനുശേഷം ബാരൽ തിരികെ ലഭ്യമാക്കാത്തപക്ഷം തുക അനുവദിക്കുമ്പോൾ കാലി ബാരലിന്റെ വില കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ തൻവർഷം ഏറ്റെടുത്ത വിവിധ പ്രവൃത്തികളുടെ ബിൽ തുകയിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടിയും കുറവു ചെയ്യാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (11/23.11.2019)

നൽകിയതിനെ തുടർന്ന് വിവിധ കരാറുകാരിൽ നിന്നായി ജി.എസ്.ടി ഉൾപ്പെടെ ആകെ 110330/- രൂപ ഈടാക്കി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ കൂട്ടപ്പുര മലമ്പാടംറോഡ് മെയിന്റനൻസ് –(MGR) എന്ന പ്രവൃത്തിയ്ക്ക് അനുവദിച്ച ടാർ ബാരലിന്റെ വില ഈടാക്കാനവശേഷിക്കുന്നുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

(SS1 &RS1-182kg/ബാരൽ, VG 30- 156kg/ബാരൽ)

| ക്രമ നം | പദ്ധതി | ബിറ്റുമിൻ പ്രവൃത്തി | പ്രവൃത്തി അളവ് | ബിറ്റുമിൻ അളവ് kg | ബാരൽ എണ്ണം | ബിൽ നം. &തുക |
|---|---|---|---|---|---|---|
| 28 | കൂട്ടപ്പുര മലമ്പാടം റോഡ് മെയിന്റനൻസ് –(MGR) pro.234/19 MB- 316 /18-19 കരാറുകാരൻ- സന്തോഷ് | Penitration mechadams-65 | 342.74 m2 x 2 | 685.48 | 4.39 | 138 /19-3-19-498657 |
| | | Tack coat RS-1 | 1586.260m2 x0.275 | 436.22 | 2.40 | |
| | | Chipping carpet VG-30 | 1586.26m2 x1.46 | 2315.93 | 14.85 | |
| | | seal coat VG-30 | 1586.26m2 x0.65 | 1031.07 | 6.61 | |
| | | | | | 28.25 | |

ബാരൽ വില 7063 (28.25x250=7063) രൂപയും 18% ജി.എസ്.ടി 1271രൂപയും (18%) ഈടാക്കി സർക്കാറിലേക്ക് ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-30 മരാമത്തു പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചതിനുള്ള പിഴ കുറവായി ഈടാക്കിയത് ക്രമപ്രകാരമല്ല

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കരാറുകാരന്റെ പിഴവുമൂലം കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കിമാത്രമേ ആയത് അനുവദിക്കാവൂ. ഇപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ (പൂർത്തീകരണ കാലാവധിയുടെ 25% )പി.എ.സി യുടെ 1ശതമാനവും രണ്ടാം തവണ (പൂർത്തീകരണ കാലാവധിയുടെ 25% ) പി.എ.സി യുടെ 2 ശതമാനവും ഈടാക്കേണ്ടതാണെന്ന് 1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ല്യൂഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2112-1 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൂർത്തീകരണ കാലാവധിയുടെ 50% ൽ കൂടുതൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതല്ല. എന്നാൽ 2018-19 വർഷത്തിൽ പല പ്രവൃത്തികളുടെയും പൂർത്തീകരണസമയം ദീർഘിപ്പിച്ചുനൽകിയെങ്കിലും നിയമാനുസൃത പിഴ കുറവായാണ് ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം ( 11(2)/23.11.2019) നൽകിയതിനെ തുടർന്ന് 36525 രൂപ കരാറുകാരിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ രണ്ട് പ്രവൃത്തികളുടെ പിഴ തുക ഈടാക്കാനവശേഷിക്കുന്നുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രവൃത്തിയുടെ പേര് : മണ്ണാന്തറ വെള്ളയംതോട് പൂവ്വക്കുറുശ്ശി റോഡ് റീടാറിങ്

പ്രൊജക്ട് നം. : 240/17

പി.എ.സി : 399366

ചെലവ് : 399366

ബിൽ നം. : 33/18-19/18.6.2018

എം.ബുക്ക് നം. : 211/17-18, 99/16-17

എഗ്രിമെന്റ് നം. : 113/16-17/21.2.2017

കരാറുകാരന്റെ പേര് : നിജേഷ്.പി.ബി

പൂർത്തിയാക്കേണ്ട തീയതി : 20.8.2017

പൂർത്തിയാക്കിയ തീയതി : 3.3.2018

ഈടാക്കേണ്ട പിഴ :

21.8.2017മുതൽ 5.10.2017 വരെ(1%) : 3994രൂപ

6.10.2017മുതൽ20.11.2017 വരെ(2%) : 7988രൂപ

ആകെ : 11982 രൂപ

ഈടാക്കിയ പിഴ : 3994രൂപ

ഈടാക്കാൻ ബാക്കി : 7988രൂപ

2.പ്രവൃത്തിയുടെ പേര് : ചാത്തനാത്ത് റോഡ്

പ്രൊജക്ട് നം. : 217/17

പി.എ.സി : 199900

ചെലവ് : 199715

ബിൽ നം. : 50/18-19/30.7.2018

51/18-19/30.7.2018

എം.ബുക്ക് നം. : 215/17-18

എഗ്രിമെന്റ് നം. : 107/16-17/15.2.2017

കരാറുകാരന്റെ പേര് : മനോജ്.കെ

പൂർത്തിയാക്കേണ്ട തീയതി : 14.8.2017

പൂർത്തിയാക്കിയ തീയതി : 25.1.2018

ഈടാക്കേണ്ട പിഴ :

15.8.2017മുതൽ 29.9.2017 വരെ(1%) : 1999രൂപ

30.9.2017 മുതൽ 14.11.2017 വരെ(2%) : 3998രൂപ

ആകെ : 5997രൂപ

ഈടാക്കിയ പിഴ : 1998 രൂപ

ഈടാക്കാൻ ബാക്കി :3999 രൂപ

ഈടാക്കാനവശേഷിക്കുന്ന പിഴ ഈടാക്കി തുക തനത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 1-31 പട്ടിക ജാതി വികസന ഫണ്ട് ഉപയോഗിച്ചു നടത്തിയ നിർമ്മാണ പ്രവൃത്തി കോളനിക്ക് പുറത്ത് നിർവ്വഹിച്ചു

പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കോളനിക്കുള്ളിൽ മാത്രമേ നിർവ്വഹിക്കാൻ പാടുള്ളൂ എന്ന് 12-ാം പഞ്ചവത്സര പദ്ധതിയിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി ഉത്തരവ് നം.72/2017/ത.സ്വ.ഭ.വ തീ.29.3.2017 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തി മുഴുവനായും കോളനിക്കു പുറത്താണെന്ന് 25.11.2019 ന് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ ശ്രീമതി ആഭമോൾ.കെ.വി യുടെ സാന്നീധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യമായിട്ടുണ്ട് . കൂടാതെ കോൺക്രീറ്റ് അവസാനിച്ച ഭാഗത്തുനിന്നും കോളനിവരെ കാടുപിടിച്ചു കിടക്കുന്ന സ്ഥലമാണ് കാണപ്പെട്ടത്. ആ ഭാഗത്തുള്ള കാട് വെട്ടിത്തെളിച്ച് റോഡ് നിർമ്മിച്ചശേഷം മാത്രമേ ടാറിങ് പ്രവൃത്തിയോ, കോൺക്രീറ്റിങ് പ്രവൃത്തിയോ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും ബോധ്യമായി. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | വടക്കുംപുറം റോഡ് കോൺക്രീറ്റിങ് |
| പ്രൊജക്ട് നം | 149/19(SCP) |
| അടങ്കൽ | 150000 |
| ചെലവ് | 150000 |
| ബിൽ നം | 110/18-19/7.1.2019 |
| കരാറുകാരൻ | കൃഷ്ണദാസൻ.സി.കെ |
| എം.ബുക്ക് നം. | 181/17-18 |

മേൽ അപാകതയുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 13/26.11.2019) പട്ടിക ജാതി വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കോളനിക്കകത്തുമാത്രം നിർവ്വഹിക്കാൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കുന്നപക്ഷം ചെലവു തുക ഉത്തരവാദിയിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

# 1-32 നവീകരണ പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ ഉരുപ്പടികൾ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയില്ല

ചെറായ ഹെൽത്ത് സെന്റർ പുനരുദ്ധാരണം എന്ന പ്രവൃത്തയിൽ ഇനം 1 പ്രകാരം 4 വാതിലുകളും 4 ജനലുകളും നീക്കം ചെയ്തതിന് ഒരെണ്ണത്തിന് 216.65 രൂപ നിരക്കിൽ 1733.20 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനം 8 പ്രകാരം 695കി.ഗ്രാം സ്റ്റീൽ ഉപയോഗിച്ച് ജനൽ

വാതിൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്തതിന് 81989.15 രൂപ ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ ഇതിൽ നിന്നും മാറ്റപ്പെട്ട ഉരുപ്പടികൾ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയില്ല. പദ്ധതിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | ചെറായ ഹെൽത്ത് സെന്റർ പുനരുദ്ധാരണം |
| പ്രൊജക്ട് നം | 277/18 |
| അടങ്കൽ | 150000 |
| ചെലവ് | 127718 |
| ബിൽ നം | 47/18-19/30.7.2018 |
| കരാറുകാരൻ | അരവിന്ദാക്ഷൻ.പി.ബി |
| എം.ബുക്ക് നം. | 180/16-17 |

ഇതു സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 11/23.11.2019) ജനലുകളും വാതിലുകളും പദ്ധതി സ്ഥലത്തു തന്നെ ഉണ്ടെന്നും അവ പഞ്ചായത്തിൽ എത്തിക്കുന്നതാണെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുടർന്ന് ഉരുപ്പടികൾ പഞ്ചായത്തിൽ ലഭ്യമാക്കി ലേലം ചെയ്ത് 30.11.19 ന് 119060108029/30.11.19 നമ്പർ രസീതി മുഖേന 1000/- രൂപ ഒടുക്കിയിട്ടുണ്ട്. ഭാവിയിൽ മരാമത്ത് പ്രവർത്തികളുടെ ഭാഗമായി പൊളിച്ചുമാറ്റുന്ന ഉരുപ്പടികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി കാലതാമസം കൂടാതെ ലേലം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-33 ടെന്ററർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കുവേണ്ടിയുള്ള ടെന്റർ ഫോറങ്ങൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ അസി.എഞ്ചിനീയറുടെ ഓഫീസിൽ രജിസ്ററർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അസി.എഞ്ചിനീയർ സൂക്ഷിക്കുന്ന രശീതി പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി 279 ടെന്റർ ഫോറങ്ങൾ വിവിധ കരാറുകാർക്ക് വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെന്റർ ഫോറത്തിന് 2500 രൂപ വരെ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി വെക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 13/26.11.2019) ടെന്റർ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന്

അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടെണ്ടർ രജിസ്റ്റർ കാലികമാക്കേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

# 1-34 ഫയർ സ്റ്റേഷന് അനുബന്ധ സൗകര്യം ഒരുക്കൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഫയർ സ്റ്റേഷനുവേണ്ടി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കി വാടകയ്ക്കു നൽകുക എന്ന ലക്ഷ്യത്തോടെ 10,05,775 രൂപ തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്ത് നിർമ്മിച്ച കെട്ടിടം നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഫയർ ഫോഴ്സിന്റെ വലിയ വാഹനങ്ങൾ നിർത്തുന്നതിനുള്ള ഷെഡ്ഡ്, ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണമാണ് നടത്തിയിട്ടുള്ളത്. എന്നാൽ 8.3.2019 ന് പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ തുകയും നൽകിയെങ്കിലും 8 മാസം കഴിഞ്ഞിട്ടും കെട്ടിടം ഫയർഫോഴ്സ് വാടകയ്ക്ക് ഏറ്റെടുത്തിട്ടില്ല. ഫയർഫോഴ്സ് വാടകയ്ക്ക് ഏറ്റെടു ക്കാത്തപക്ഷം മേൽകെട്ടിടം മറ്റു ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയിലാകുമെന്നാണ് പ്രാദേശിക പരിശോധനയിൽ ബോധ്യമായത്. കെട്ടിടം പ്രയോജനപ്പെടുത്താത്തതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 14/26.11.2019) അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടം ഉപയോഗപ്പെടുത്താനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-35 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രവൃത്തികളിലെ പൊതു അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ വിവിധ മരാമത്തു പ്രവൃത്തികളിലെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തി പൂർത്തീകരണത്തിനായി കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ സമർപ്പിക്കുന്ന മിക്ക അപേക്ഷകളിലും തീയ്യതി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണത്തിന് കൂടുതൽ സമയം ആവശ്യമുള്ളപക്ഷം കരാർ പ്രകാരമുള്ള പൂർത്തീകരണത്തിന് മുമ്പുതന്നെ കരാറുകാരൻ അതിനുള്ള അപേക്ഷ സമർപ്പിക്കണമെന്ന് പൊതുമരാമത്തു മാന്വൽ നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ അപേക്ഷയിലെ തീയ്യതിക്ക് അതീവ പ്രാധാന്യമുണ്ട്.

2. പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചു നൽകിയ സംഗതികളിൽ ദീർഘിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന കുറിപ്പ് മിക്ക ഫയലുകളിലും

അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടില്ല.

3. കരാറുകാർ സമർപ്പിച്ച ടെന്ററുകൾ സ്വീകാര്യമാകുന്ന പക്ഷം കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് നൽകേണ്ടതും ആയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഭരണസമിതി ടെന്റർ അംഗീകരിച്ചുകഴിഞ്ഞാൽ 7 ദിവസത്തിനകം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകണമെന്ന് പൊതുമരാമത്തു മാന്വൽ നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾക്ക് പ്രാധാന്യമുണ്ട്.

4.മിക്ക പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് പുതുക്കേണ്ടിവരുന്നു. പദ്ധതി തയ്യാറാക്കുന്നതിനുമുമ്പായി പദ്ധതി പ്രദേശം സന്ദർശിച്ച് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് മിക്കതിലും പുതുക്കേണ്ടിവരുന്നത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതയാണ് സൂചിപ്പിക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 13/26.11.2019) ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. രജിസ്റ്റർ കൃത്യമാക്കി വെച്ച് ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

ഭാഗം 2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]
പരാമർശങ്ങൾ ഒന്നുമില്ല

ഭാഗം 3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]
പരാമർശങ്ങൾ ഒന്നുമില്ല

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 26-06-2019 & 27-06-2019 | KSAPKD21/997/2019 ( 13)/26.8.19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 700000 | ഉഴവ് കൂലി | 693070 | 6930 |
| ” | 2018-19 | 947945 | ലൈഫ് (ജനറൽ) | 515769 | 432176 |
| ” | 2018-19 | 300000 | ലാപ്ടോപ്പ് | 300000 | |
| ” | | 113500 | ജി.യു.പി. സ്കൂൾ കോാങ്ങാടിന് ബയോഗ്യാസ് പ്ലാന്റ് | 112196 | 1304 |
| ” | 2018-19 | 400000 | പാൽ സബ്സിഡി | 400000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1060789 | ലൈഫ് (ജനറൽ | 536191 | 524598 |
| ” | | 60000 | പാൽ സബ്സിഡി | 60000 | 0 |
| ” | 2018-19 | 612872 | ഉഴവ്കൂലി | 612872 | 0 |
| | ആകെ | 4195106 | | 3230098 | |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10712240 രൂപ വരവുണ്ട്. 10692240 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ - ലൈഫ് പദ്ധതി | 2018-19 | 10712240 | 0 | 0 | 0 | 10712240 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

വാർഷികകണക്ക് പ്രകാരം ഈയിനത്തിൽ തൻവർഷത്തെ വരവ് 16767.രൂപയാണ്. ഇതിൽ പെർ ഫോമൻസ് ഓഡിറ്റ് റിക്കവറി 87 രൂപയും ഓഡിറ്റ് എൻക്വയറിയെതുടർന്ന് ഈടാക്കിയ തുകകൾ, കറക്ഷൻ എൻട്രി എന്നിവയും ഉൾപ്പെടുന്നു. 2500 രൂപ മാത്രമാണ് യഥാർത്ഥത്തിലുള്ള ഓഡിറ്റ് എൻക്വയറി വരവ്

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2017-18 | 2- | 2500 | SBI -peringode | vr. 118060400019/26.3.19 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2011-12 | 2.5 | ഭവന നിർമ്മാണ പ്രൊജക്ടുകൾ നടപ്പാക്കുന്നതിൽ അപാകത-വിവിധ ഫണ്ടുകൾ കുടുംബശ്രീ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | സിറ്റിംഗ് നടന്നു. ഒഴിവാക്കാൻ തീരുമാനിച്ചു. തുടർ നടപടി ആയിട്ടില്ല. |
| 2016-17 | അവലോകനം | വസ്തുനികുതി -ഓഡിറ്റ് റിപ്പോർട്ട് വർഷം 14-15 ഖ.2.1 | സമിതി വിഷയം പരിഗണിച്ചിട്ടില്ല |
| | | വസ്തു നികുതി- ഓഡിറ്റ് റിപ്പോർട്ട് വർഷം 14-15 ഖ.2.2 | ” |
| | | തൊഴിൽ നികുതി -ഓഡിറ്റ് റിപ്പോർട്ട് വർഷം 14-15 ഖ.2.5 | ” |
| | | തൊഴിൽ നികുതി- ഓഡിറ്റ് റിപ്പോർട്ട് വർഷം 15-16 ഖ.2.2 | ” |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 120588791 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 89317905 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 45830 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 223701 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഒന്നുമില്ല | | |

ഭാഗം 1 ൽപ്രതിപാദിക്കുന്ന വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 1-17 | | 26780 | ശ്രീമതി.മീനാക്ഷിക്കുട്ടി.കെ.എം ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-29 | | 7063 | ശ്രീമതി.ആഭമോൾ അസി.എഞ്ചിനീയർ |
| 1-30 | | 11987 | ശ്രീമതി.ആഭമോൾ അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 223701 | 1.ശ്രീ.ഉണ്ണികൃഷ്ണൻ. സെക്രട്ടറി(I/C)- ₹45167 2. അദിതി ദേവി. സെക്രട്ടറി- ₹154509 3- സത്യൻ.കെ – ₹24025 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ഉണ്ണികൃഷ്ണൻ.പി.എം<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>കോങ്ങാട്<br>ഗ്രാമപഞ്ചായത്ത് | പുത്തൻമഠം, അരിയൂർ കോട്ടോപാടം ,<br>മണ്ണാർക്കാട്, പാലക്കാട് |
| അദിതിദേവി.ഡി<br>സെക്രട്ടറി | എടതല<br>ഗ്രാമപഞ്ചായത്ത് | ചന്ദ്രാമന ഇല്ലം, കോതമംഗലം,<br>കോട്ടപ്പടി എറണാകുളം 686695 |
| മീനാക്ഷിക്കുട്ടി<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | കോങ്ങാട്<br>ഗ്രാമപഞ്ചായത്ത് | മൂത്തേടത്ത് ഹൗസ്, വേലിക്കാട്,<br>മുണ്ടൂർ (പിഒ)<br>പാലക്കാട് |
| ആഭമോൾ<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | എ.ഇ<br>കോങ്ങാട്<br>ഗ്രാമപഞ്ചായത്ത് | B9 - സ്നേഹനഗർ അങ്കവാൽ പറമ്പ്,<br>അകത്തേത്തറ,<br>പാലക്കാട് |
| സത്യൻ.കെ<br>സെക്രട്ടറി | സെക്രട്ടറി<br>പാട്യം<br>ഗ്രാമപഞ്ചായത്ത് | തിരുവാതിര<br>മാവിലായി(പിഒ)<br>മുണ്ടല്ലൂർ<br>കണ്ണൂർ |

# 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | LF.P12/460/04/24.8.2004 | 10 | ഫർദർ റിപ്പോർട്ട് |
| 1997-18 | LF.P7/633/2000/18.8.2000 | 10 | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | LF.P12/1134/03/1.4.2004 | 1 | ഫർദർ റിപ്പോർട്ട് |
| 1999-00 | LF.P12/1513/08/8.6.2009 | 13 | ഫർദർ റിപ്പോർട്ട് |

| | | | |
|---|---|---|---|
| 2000-01 | LF.P12.1513/2008/6.6.2009 | 7 | ഫർദർ റിപ്പോർട്ട് |
| 2001-02 | LF.P17/1292/2010/18.10.2010 | 3 | ഫർദർ റിപ്പോർട്ട് |
| 2002-03 | LF.P17/1292/2009(1)/10.12.2010 | 5 | ഫർദർ റിപ്പോർട്ട് |
| 2003-04 | LF.P17/1292/2009(2)/18.12.2010 | 14 | ഫർദർ റിപ്പോർട്ട് |
| 2004-05 | LF.P17/1292/09(3)/10.12.2010 | 9 | ഫർദർ റിപ്പോർട്ട് |
| 2005-06 | LF.P17/1292/09(4)/10.12.2010 | 8 | ഫർദർ റിപ്പോർട്ട് |
| 2006-07 | LF.P17/1292/09/22.10.2010 | 10 | ഫർദർ റിപ്പോർട്ട് |
| 2007-08 | LF.P17/589/13/19.7.2014 | 7 | ഫർദർ റിപ്പോർട്ട് |
| 2008-09 | LF.P17/590/13/9.7.2014 | 8 | ഫർദർ റിപ്പോർട്ട് |
| 2009-10 | LF.P17/588/13/9.7.2014 | 6 | ഫർദർ റിപ്പോർട്ട് |
| 2010-11 | LF.P17/25/15/30.6.2015 | 37 | ഫർദർ റിപ്പോർട്ട് |
| 2011-12 | LF.P17/1373/14/14.11.2014 | 31 | ഫർദർ റിപ്പോർട്ട് |
| 2012-13 | KSA.PKD.17/1389/2015/8.12.2015 | 10 | ഫർദർ റിപ്പോർട്ട് |
| 2013-14 to 2014-15 | KSA.PKD.17/622/2017(1)/19.1.2018 | 9 | ഫർദർ റിപ്പോർട്ട് |
| 2015-16 | KSA.PKD.17/18/2017/4.4.17 | 12 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | KSA.PKD.17/1118/2017/16.4.18 | 7 | ഫർദർ റിപ്പോർട്ട് |
| 2017-18 | KSA.PKD.17/2461/18 4.1.2019 | | റിപ്പോർട്ട് |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി-21/997/2019(13)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. പ്ലാൻ(എസ്.സി.പി.)യുടെ ചെലവ്-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകയും ( 11235488) വാർഷികകണക്കിലെ തുകയും (11135488) പൊരുത്തപ്പെടുന്നില്ല.
2. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ജി.പി.ജിയുടെ തുകയും ( 11389642) വാർഷികകണക്കിലെ തുകയും (11372247) പൊരുത്തപ്പെടുന്നില്ല.
3. NREGS ചെലവ് - രജിസ്റ്ററിലെ അഡിമിനിസ്ട്രേറ്റീവ് ചെലവും (942666)വാർഷികകണക്കിലെ RP_16 ലെ ചെലവും (487999) പൊരുത്തപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ ബാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.
5. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
6. തനത് ഫണ്ടിൽ സൂക്ഷിക്കുന്ന മറ്റ് ഗ്രാന്റുകൾക്ക് (ശുചിത്വമിഷൻ, ICDS വിഹിതം, ടി.എസ്.സി തുടങ്ങിയവ) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(29)

Kerala State Audit Department,
District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Kongad Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kongad Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

## Annexure – 1

Abstract Defects / Discrepancies

1. Plan (SCP ) - Expenditure – Figures in AFS (11135488) does not agree with that in Appropriation Control Register (11235488).

2. General Purpose Grant- Figures in AFS (11389642) does not agree with that in Appropriation Control Register ( 11372247).

3. MNREGS – Adminitrative Expenditure in register ( 942666 ) does not match with that of AFS (487999).

4. Stock register is not kept as value based.

5. Property tax demand, collection and balance in Sanchaya does not agree with that of AFS.

6. Separate Appropriation Register not maintained for grants deposited in own fund bank account.

7. Accuracy of Asset value in balance sheet could not be verified since the asset register is not made up to date and linked with Sankhya.

Deputy Director

# അനുബന്ധം-2 വിവിധ പത്രികകൾ

| | | | |
|---|---|---|---|
| Kongad Grama Panchayat BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 33044373.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 88898.75 |
| 312000000 | Reserves | B-3 | 58618820.00 |
| | Total Reserve & Surplus | | 91752091.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3431899.00 |
| | Total Grants, Contributions for Specific Purposes | | 3431899.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10712240.00 |
| | Total Loans | | 10712240.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2074466.00 |
| 350000000 | Other Liabilities | B-9 | 1601359.00 |
| | Total Current Liabilities and Provisions | | 3675825.00 |
| | TOTAL LIABILITIES | | 109572055.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 74759006.00 |
| 411000000 | Accumulated Depreciation | B-11 | -9578467.00 |
| 412000000 | Capital Work in Progress | B-11(a) | 1725361.00 |
| | Total Fixed Assets | | 66905900.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 96018.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -25596.00 |
| 440000000 | Pre-paid Expenses | B-16 | 10692240.00 |
| 450000000 | Cash and Bank Balance | B-17 | 31270886.75 |
| 460000000 | Loans, Advances and Deposits | B-18 | 632607.00 |

| | |
|---|---|
| Total Current Assets, Loans and Advances | -25596.00 |
| Total Current Assets, Loans and Advances | 42691751.75 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 109572055.75 |

Kongad Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4594287.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3973363.00 |
| 140000000 | Fee & User Charges | I-4(b) | 931833.00 |
| 150000000 | Sale & Hire Charges | I-5(b) | 325281.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 153211253.00 |
| 171000000 | Interest Earned | I-8 | 272795.00 |
| 180000000 | Other Income | I-9 | 71879.00 |
| | Total Income | | 163380691.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11105083.00 |
| 220000000 | Administrative Expenses | I-11(b) | 1772829.00 |
| 230000000 | Operations & Maintenance | I-12(b) | 5295562.00 |
| 240000000 | Interest & Finance Charges | I-13 | 2739.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4668880.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 48626232.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3289440.00 |
| 253000000 | Decentralised Plan Programme-Projects not | I-14(c) | 90023.00 |

| | | | |
|---|---|---|---|
| | included in Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 61358050.00 |
| 255000000 | Maintenance Projects | I-14(e) | 16690433.00 |
| 272000000 | Depreciation | I-17(a) | 5093222.00 |
| | Total Expenditure | | 157992493.00 |
| | Gross Surplus/ Deficit of income over Expenditure | | 5388198.00 |
| 280000000 | Prior Period Item | I-18 | -215487.05 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 5603685.05 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Kongad Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10331797.75 |
| Cash | Cash | RP-40(a) | 599217.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1215100.00 |
| 130000000 | Rental income from Panchayat Properties | RP-3 | 37000.00 |
| 140000000 | Fees & User Charges | RP-4 | 531883.00 |
| 150000000 | Sale & Hire Charges | RP-5 | 325281.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 60763668.00 |
| 171000000 | Interest Earned | RP-9 | 272795.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8557999.00 |
| 350000000 | Other Liabilities | RP-36 | 799602.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 71879.00 |
| 311000000 | Earmarked Funds | RP-29 | 3479.00 |
| 330000000 | Secured Loans | RP-32 | 10712240.00 |
| 340000000 | Deposits Received | RP-34 | 635326.00 |
| 350000000 | Other Liabilities | RP-36 | 978159.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 24189045.00 |
| 460000000 | Loans, Advances and Deposits | RP-47 | 564321.00 |

| | | | |
|---|---|---|---|
| | Grand total | | 120588791.75 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4407674.00 |
| 220000000 | Administrative Expenses | RP-12 | 1747297.00 |
| 230000000 | Operations & Maintenance | RP-13 | 5295562.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4649410.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 19078202.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2767279.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 90023.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 569250.00 |
| 255000000 | Maintenance Projects | RP-20 | 16690433.00 |
| 280000000 | Prior Period item | RP-26 | -45181.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4690611.00 |
| 350000000 | Other Liabilities | RP-36 | 5034250.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2739.00 |
| 280000000 | Prior Period Item | RP-26 | -43030.00 |
| 311000000 | Earmarked Funds | RP-29 | 16000.00 |
| 340000000 | Deposits Received | RP-34 | 522669.00 |
| 350000000 | Other Liabilities | RP-36 | 2452607.00 |
| 410000000 | Fixed Assets | RP-38 | 7838243.00 |
| 412000000 | Capital work in Progress | RP-40 | 1725361.00 |
| 440000000 | Pre-paid Expenses | RP-45 | 10692240.00 |
| 460000000 | Loans, Advances and Deposits | RP-47 | 1136266.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 31237001.75 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 33885.00 |
| | Grand Total | | 120588791.75 |

ഡെപ്യൂട്ടി ഡയറക്ടർ